2025JANUARY
23
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




## ലൊസാഞ്ചലസിൽ വീണ്ടും കാട്ടുതീ

# 8000 ഏക്കറിലേറെ കത്തിനശിച്ചു; 31,000 പേർക്ക് വീടൊഴിയാൻ നിർദേശം

**ലൊസാഞ്ചലസ്:** യുഎസിൽ ആശങ്കയുയർത്തി ലൊസാഞ്ചലസിന്റെ വടക്കുഭാഗത്തു പുതിയ കാട്ടുതീ പടർന്നു. മാരകമായ 2 കാട്ടുതീകളുടെ ദുരിതം മാറുന്നതിനു മുൻപാണിത്. അതിവേഗത്തിൽ വ്യാപിക്കുന്ന കാട്ടുതീയിൽനിന്നു രക്ഷപ്പെടാനായി പതിനായിരക്കണക്കിന് ആളുകളോടു വീടുകൾ ഒഴിയാൻ നിർദേശിച്ചു. ഹെലികോപ്റ്ററുകളും വിമാനങ്ങളും അഗ്നിശമന സേനയും തീയണയ്ക്കുന്നുണ്ട്. വളരെ ആശങ്കാജനകമായ സാഹചര്യമാണെന്നു കാലാവസ്ഥാ വിദഗ്ധൻ ഡാനിയേൽ സ്വെയ്ൻ പറഞ്ഞു.



കാസ്റ്റെയ്ക് തടാകത്തിനു സമീപം കുന്നുകളിൽ ഭീമൻ തീജ്വാലകൾ പടരുകയാണ്. ഏതാനും മണിക്കൂറുകൾക്കുള്ളിൽ 8,000 ഏക്കറിലേറെ (3,200 ഹെക്ടർ) പ്രദേശത്തേക്കാണു തീ വ്യാപിച്ചത്. ശക്തവും വരണ്ടതുമായ സാന്റ അനാ കാറ്റുകൾ പ്രദേശത്തു വീശിയടിക്കുന്നതാണു തീ ആളിപ്പടരാൻ കാരണം. വൻതോതിൽ പുകയും കനലും തീക്കാറ്റിനൊപ്പം പറന്നുവരുന്നുണ്ട്. ലൊസാഞ്ചലസിന്റെ 56 കിലോമീറ്റർ വടക്കുഭാഗത്തുള്ള തടാകത്തിനു ചുറ്റിലെയും 31,000 പേർക്ക് വീടൊഴിയാൻ നിർദേശം നൽകി. സാന്റ ക്ലാരിറ്റ നഗരത്തിന് അടുത്താണ് ഈ തടാകം. പ്രദേശവാസികൾക്ക് അടിയന്തര മുന്നറിയിപ്പുകൾ ലഭിച്ചു.

കാട്ടുതീ ബാധിച്ച പ്രദേശത്തുള്ള എല്ലാവരും ഉടനെ ഒഴിയണമെന്ന് ലൊസാഞ്ചലസ് പ്രവിശ്യാ മേധാവി റോബർട്ട് ജെൻസൺ ആവശ്യപ്പെട്ടു. ആളുകളോടു വീടുവിട്ടു പോകാൻ പൊലീസ് ആവശ്യപ്പെടുന്ന ദൃശ്യങ്ങൾ പ്രാദേശിക ടിവി ചാനലുകൾ സംപ്രേഷണം ചെയ്തു. ജയിലിലുള്ള 500 തടവുകാരെ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റി. നേരത്തേയുണ്ടായ തീപിടിത്തങ്ങളിൽ വലിയ നാശനഷ്ടങ്ങളാണു സംഭവിച്ചത്. ഇരുപതിലേറെപ്പേർ മരിക്കുകയും ആയിരക്കണക്കിനു കെട്ടിടങ്ങൾ നശിക്കുകയും ചെയ്തു.



## ചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്ക്, സ്വർണവില 60,000 കടന്നു

**കൊച്ചി:** സംസ്ഥാനത്ത് സ്വർണവില സർവകാല റെക്കോർഡിൽ. ഇന്നലെ പവന് 600 രൂപയാണ് ഒറ്റയടിക്ക് കൂടിയത്. ഇതോടെ ഒരു പവൻ സ്വർണത്തിന്റെ വില 60,200 രൂപയിലെത്തി. ഗ്രാമിന് 75 രൂപ കൂടി.

ഒരു ഗ്രാം സ്വർണത്തിൻറെ വില 7525 രൂപയാണ്. 2024 ഒക്ടോബർ 31ന് രേഖപ്പെടുത്തിയ 59,640 രൂപയാണ് ഏറ്റവും ഉയർന്ന സ്വർണവില. ഈ റെക്കോർഡും കടന്നാണ് ഇപ്പോൾ സ്വർണവില കുതിക്കുന്നത്.

ഈ മാസത്തിന്റെ തുടക്കത്തിൽ 57,200 രൂപയായിരുന്നു ഒരു പവൻ സ്വർണത്തിന്റെ വില. ഇതു തന്നെയാണ് ഈ മാസത്തിലെ ഏറ്റവും താഴ്ന്ന നിലവാരം. രാജ്യാന്തര വിപണിയിലെ മാറ്റങ്ങളും ഡോളർ ദുർബലമായതും അടക്കമുള്ള ഘടകങ്ങളാണ് സ്വർണവിലയെ സ്വാധീനിച്ചത്. വെള്ളിയുടെ വിലയിൽ മാറ്റമില്ല. ഗ്രാമിന് 99 രൂപയിലാണ് വ്യാപാരം നടന്നത്.



## സഹകരണ ബാങ്കുകളിലെ കിട്ടാക്കടത്തിൽ വൻ കുതിപ്പ്

**തിരുവനന്തപുരം:** കേരളത്തിലെ സഹകരണ ബാങ്കുകളിലെ കിട്ടാക്കടം 50,000 കോടി കവിയുന്നു. വായ്പ നൽകിയ 17,148.7 കോടി രൂപ 15 കൊല്ലത്തിലേറെയായി കുടിശികയായതിന്റെ പലിശയും പിഴപ്പലിശയും കൂടി ചേർന്നാണിത്. വായ്പ നൽകിയതിൽ 1,40,005.72 കോടി രൂപയും അതിന്റെ പലിശയും കേസിൽ വിധിയായി ജപ്തി മുടങ്ങിക്കിടക്കുന്നതാണ്.

മൂന്ന് ലക്ഷം പേരാണ് തുക അടയ്ക്കാനുള്ളത്. കേരളത്തിൽ സഹകരണ പ്രസ്ഥാനങ്ങളിലെ മൊത്തം വായ്പയുടെ15 ശതമാനത്തിലേറെയും കിട്ടാക്കടമാണ്. പൊതുമേഖലാ ബാങ്കുകളിലേത് 5 ശതമാനത്തിൽ താഴെ മാത്രവും. സഹകരണമേഖലയിലേത് 7% എങ്കിലുമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് ജില്ലാതലത്തിൽ കണക്കുകൾ ശേഖരിച്ചത്. കിട്ടാക്കടത്തിൽ 3142.98 കോടി രൂപയും പലിശയും ആർബിട്രേഷൻ കേസ് നടത്തിപ്പിലെ കാലതാമസത്തിൽ കുടുങ്ങിക്കിടക്കുന്നതാണ്. 57,255 പേരിൽ നിന്നാണ് ഈ തുക കിട്ടാനുള്ളത്.

ജപ്തി വസ്തുക്കൾ ലേലം ചെയ്തും സമവായത്തിലൂടെ പണം തിരികെയടപ്പിച്ചും 6000 കോടി രൂപ ഉടൻ ലഭിക്കുമെന്നാണ് വകുപ്പിന്റെ പ്രതീക്ഷ. കിട്ടാക്കടം ഏറെയും സാമ്പത്തിക ശേഷിയുള്ളവരുടേതാണ്. രാഷ്ട്രീയ സ്വാധീനം മൂലം ബാങ്ക് ഭരണസമിതികൾ ജപ്തിയിൽ മനഃപൂർവം കാലതാമസം വരുത്തിയതും സെയിൽ ഓഫീസർമാരും കക്ഷികളും ഒത്തുകളിച്ച് നടപടികൾ വൈകിപ്പിച്ചതുമൊക്കെ കിട്ടാക്കടം പെരുകാൻ കാരണമായി.



# തീരദേശ കണ്ടൽക്കാടുകളുടെ പുനരുദ്ധാരണ, സംരക്ഷണ പദ്ധതിക്ക് വൈപ്പിനിൽ തുടക്കം

**ദുബായ്:** കൊച്ചി ആസ്ഥാനമായുള്ള ബ്യൂമെർക്ക് ഗ്രൂപ്പിന്റെ ജീവകാരുണ്യ വിഭാഗമായ ബ്യൂമെർക്ക് ഇന്ത്യ ഫൗണ്ടേഷനാണ് പദ്ധതി നടപ്പിലാക്കുന്നത്.ആദ്യ ഘട്ടത്തിൽ എറണാകുളത്തെ വൈപ്പിൻ തീരപ്രദേശത്തിന്റെ 10 കിലോമീറ്റർ ചുറ്റളവിലാണ് പദ്ധതി നടപ്പിലാക്കുക

കൊച്ചി: എറണാകുളത്തിന്റെ തീരദേശ മേഖലയുടെ സംരക്ഷണ ജീവനാഡിയായ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് ബ്യൂമെർക്ക് ഗ്രൂപ്പിന്റെ ജീവകാരുണ്യ വിഭാഗമായ ബ്യൂമെർക്ക് ഇന്ത്യ ഫൗണ്ടേഷൻ കേരളത്തിലെ പരിസ്ഥിതിലോലമായ തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി മൂന്ന് വർഷത്തെ കണ്ടൽക്കാടുകളുടെ പുനരുദ്ധാരണ പദ്ധതിക്ക് തുടക്കമിടുന്നു. ഇതിന്റെ തുടക്കമെന്ന നിലയിൽ ആദ്യ ഘട്ടത്തിൽ എറണാകുളത്തെ വൈപ്പിൻ തീരപ്രദേശത്തിന്റെ 10 കിലോമീറ്റർ ചുറ്റളവിലാണ് പദ്ധതി നടപ്പിലാക്കുക. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷന്റെ സാങ്കേതികവും ശാസ്ത്രീയവുമായ പിന്തുണ പദ്ധതിക്ക് ഉണ്ടാകും.വൈപ്പിൻ ആസ്ഥാനമായി റൈസോഫോറ കണ്ടൽ ഫീൽഡ് സ്കൂൾ ആന്റ് നഴ്സറി ആരംഭിച്ചു കൊണ്ട് അതിവേഗം ക്ഷയിച്ചുവരുന്ന കണ്ടൽ സസ്യങ്ങളെ സംരക്ഷിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്യുക, അവബോധം വർദ്ധിപ്പിക്കുക, തീരദേശ പ്രതിരോധശേഷി ശക്തിപ്പെടുത്തുക, സമൂഹാധിഷ്ഠിത സംരക്ഷണം പ്രോത്സാഹിപ്പിക്കുക എന്നിവ ഈ പദ്ധതി ലക്ഷ്യമിടുന്നു.പ്രകൃതിയുടെ സുസ്ഥിര സാമൂഹിക ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നിരവധി പ്രധാന പദ്ധതികൾ ഈ വർഷം ബിഐഎഫ് കേരളത്തിലുടനീളം സംഘടിപ്പിക്കുന്നുണ്ടെന്ന് ചെയർമാൻ ആർ. ബാലചന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തീരത്തിന്റെ കാവൽക്കാർ എന്നാണ് കണ്ടൽക്കാടുകൾ അറിയപ്പെടുന്നത്. തീരദേശ മണ്ണൊലിപ്പ് തടയുന്നതിലും പരിസ്ഥിതി ലോലവും ദുർബലവുമായ പ്രദേശങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിലും വർദ്ധിപ്പിക്കുന്നതിലും കണ്ടൽക്കാടുകൾ സാന്നിധ്യം കൊണ്ട് കഴിയുന്നു. ആ ആവാസവ്യവസ്ഥക്ക് ഒരു കോട്ടവും തട്ടാതെ കണ്ടൽക്കാടുകളെ സംരക്ഷിക്കാൻ കഴിയുന്ന പ്രവർത്തനങ്ങളിൽ പങ്കാളിയാകുന്നതിൽ അതീവ സന്തോഷമുണ്ടെന്ന് അദ്ദേഹം പറഞ്ഞു.



എറണാകുളത്തിന്റെ തീരപ്രദേശം കണ്ടൽ ജൈവവൈവിധ്യത്താൽ സമ്പന്നമാണ്. 46 കിലോമീറ്റർ ദൈർഘ്യം വരുന്ന തീരദേശത്തെ സംരക്ഷിച്ചു പോരുന്നതിൽ ഈ കണ്ടൽക്കാടുകൾ വലിയ പിന്തുണയാണ് നൽകുന്നത്. മണ്ണൊലിപ്പ്, കൊടുങ്കാറ്റുകൾ, വേലിയേറ്റം, സുനാമി തുടങ്ങിയവയിൽ നിന്ന് തീരത്തെ സംരക്ഷിച്ചു കൊണ്ട് ഒരു പ്രകൃതിദത്ത സംരക്ഷകരായി ഈ കണ്ടക്കാടുകൾ പ്രവർത്തിക്കുന്നു. ഈ മേഖലയിലെ വൈവിധ്യമാർന്ന സസ്യ, ജന്തു, ജലജീവികൾക്ക് ആവാസസംരക്ഷണം കണ്ടൽക്കാടുകൾ ഒരുക്കുന്നു. എന്നാൽ, നഗര വികസനത്തിന്റെ ഭാഗമായി ആസൂത്രിതമല്ലാത്ത ഭൂവിനിയോഗവും പരിസ്ഥിതി നശീകരണവും മൂലം ഈ ജൈവസമ്പത്ത് വലിയ വെല്ലുവിളി നേരിടുന്ന സാഹചര്യമാണ് ഇന്നുള്ളത്.

പദ്ധതിയുടെ ആദ്യ വർഷം, തൈകൾ നടുന്നതിനും ക്ഷാമം നേരിടുന്ന സ്ഥലങ്ങളിൽ വിതരണം ചെയ്യുന്നതിനുമായി 20,000 ത്തോളം തൈകൾ തയ്യാറാക്കും. കണ്ടൽ ചെടികൾ നടുക മാത്രമല്ല ലക്ഷ്യം. തീരദേശമേഖലയിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ പൊതുജനങ്ങളെ പ്രത്യേകിച്ച് യുവതലമുറക്ക് സാങ്കേതിക അവബോധം നൽകി സജ്ജരാക്കുക എന്നത് കൂടി ലക്ഷ്യമാണ്. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബിഐഎഫിനെ പിന്തുണക്കുന്നതിനൊപ്പം ഇത്തരമൊരു പ്രവർത്തനത്തിന് മുന്നിട്ടിറിങ്ങിയ അവരെ അഭിനന്ദിക്കുകയാണെന്ന് എം.എസ്.എസ്.ആർ.എഫ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ജി.എൻ. ഹരിഹരൻ പറഞ്ഞു. ഈ മേഖലയിൽ ദേശീയതലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഈ പദ്ധതിക്ക് സഹായകരമാകുമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

എം എസ് എസ് ആർ എ ഫിന്റെ മാർഗ്ഗനിർദേശങ്ങൾക്ക് അനുസരിച്ച് കൊച്ചിയിലെ കണ്ടൽ മനുഷ്യൻ എന്നറിയപ്പെടുന്ന മുരുകേശൻ ആണ് കണ്ടൽ ഫീൽഡ് സ്കൂൾ & നഴ്സറിക്ക് നേതൃത്വം നൽകുന്നത്. സ്കൂളിലെ അഞ്ചംഗ സംഘം ഗ്രാമപഞ്ചായത്തുകൾ, തദ്ദേശ സ്ഥാപനങ്ങൾ, തദ്ദേശവാസികൾ എന്നിവരുമായി സഹകരിച്ച് പുനരുദ്ധാരണ പരിപാടികൾ നടപ്പിലാക്കും. ഭാവിയിലെ പരിസ്ഥിതി നേതാക്കളെ വളർത്തിയെടുക്കുന്നതിനുള്ള പരിശീലനവും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുന്നതിനൊപ്പം തന്നെ യുവജന ശേഷി വർദ്ധിപ്പിക്കുന്നതിലും സ്കൂൾ ശ്രദ്ധ കേന്ദ്രീകരിക്കും.എംഎസ്എസ്ആർഎഫ് (ഏരിയ ഓപ്പറേഷൻസ്) എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. ആർ. രംഗലക്ഷ്മി, എംഎസ്എസ്ആർഎഫ് ഡയറക്ടർ (കേരളം) ഡോ. വി. ഷക്കീല എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ശാസ്ത്ര ബാലശാസ്ത്ര കോൺഗ്രസ് സമാപിച്ചു

**കൊച്ചി:** കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുക എന്ന ലക്ഷ്യത്തോടെ ശാസ്ത്ര ട്രസ്റ്റ്, റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോഡ്സ്, ക്യാമ്പ്യൻ സ്കൂൾ എന്നിവർ സംയുക്തമായി സംഘടിപ്പിച്ച ശാസ്ത്ര ബാലശാസ്ത്ര കോൺഗ്രസിൽ കെമിസ്ട്രി, ബയോളജി വിഭാഗത്തിൽ ക്യാമ്പ്യൻ സ്കൂളും ജനറൽ സയൻസ്, ഗണിതം എന്നിവയിൽ ഭവൻസ് എരൂരും, ഫിസിക്സിൽ ഭവൻസ് എരൂരും, ചിന്മയ വടുതലയും ചാംപ്യന്മാരായി. സമാപന സമ്മേളനത്തിൽ ആർ. ഐ. ഡിസ്ട്രിക്റ്റ് 3201 അസിസ്റ്റന്റ് ഗവർണർ .ഡോ. കുര്യാക്കോസ് ആന്റണി വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. ശാസ്ത്ര ട്രസ്റ്റ് ചെയർമാൻ ഡോ. കെ. വി. തോമസ് അധ്യക്ഷത വഹിച്ചു.ഡോ. തനുജ രാമചന്ദ്രൻ ശാസ്ത്ര 2024-25 പ്രമേയം അവതരിപ്പിച്ചു. റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ലോഡ്സ് മുൻ പ്രസിഡന്റ് കെ. എം. ഉണ്ണി ,സെക്രട്ടറി നാൻസി ജോൺസൻ, ക്യാമ്പ്യൻ സ്കൂൾ ഡീൻ ആന്റ് സീനിയർ പ്രിൻസിപ്പൽ ഡോ. ലീലാമ്മ തോമസ് തുടങ്ങിയവർ സംസാരിച്ചു. കുരുന്ന് ശാസ്ത്ര പ്രതിഭകൾക്ക് ശാസ്ത്ര സാങ്കേതിക മേഖലകളിലെ അവരുടെ നൂതനവും വ്യത്യസ്തവുമായ കഴിവുകളെ വികസിപ്പിക്കുന്നതിനായി എല്ലാ വർഷവും സംഘടിപ്പിക്കുന്ന അതുല്യ വേദിയാണ് ശാസ്ത്ര ബാലശാസ്ത്ര കോൺഗ്രസ്. കുട്ടികളുടെ ശാസ്ത്ര മേഖലയിലുള്ള കഴിവ് തെളിയിക്കുന്നതോടൊപ്പം പ്രതിഭ വളർത്താൻ കൂടിയുള്ള ഒരു വേദിയാണിത്. സിബിഎസ്ഇ, സ്റ്റേറ്റ്,മറ്റ് സെൻട്രൽ സിലബസുകളിൽ ഉള്ള സ്കൂളുകളിലെ 7 മുതൽ 11വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളാണ് പങ്കെടുക്കുന്നത്. ഗണിതം, ഭൗതികശാസ്ത്രം, രസതന്ത്രം, ജീവശാസ്ത്രം , ജനറൽ സയൻസ് എന്നീ വിഷയങ്ങളിൽ വിദ്യാർത്ഥികളുടെ ശാസ്ത്രാന്വേഷണങ്ങളും കണ്ടുപിടുത്തങ്ങളും പ്രബന്ധങ്ങളിലൂടെയോ പോസ്റ്റർ ,പവർ പോയിന്റ് എന്നീ രൂപങ്ങളിലോ അവതരിപ്പിക്കാം. പൈതഗോറസ്, ആര്യഭട്ട, ഐസക് ന്യൂട്ടൺ, എ.പി.ജെ.അബ്ദുൽകലാം,റാബർട്ട്ബോയിൽ പി. സി. റേ, ജെ.സി.ബോസ്, ലൂയി പാസ്റ്റർ തുടങ്ങിയ പ്രസിദ്ധരായ ശാസ്ത്രജ്ഞരുടെ പേരുകളിലുള്ള ഇരുപതോളം അവാർഡുകൾ വിവിധ വിഭാഗങ്ങളിലെ മികച്ച പ്രബന്ധാവതരണത്തിനായി ബാലശാസ്ത്ര കോൺഗ്രസിൽ ക്രമീകരിച്ചിട്ടുണ്ട്.



# സുകൃതം പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു

**കൊച്ചി:** എറണാകുളം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി വയോജനങ്ങൾക്കു വേണ്ടി നടപ്പാക്കുന്ന സുകൃതം പരിപാടിയുടെ പ്രചാരണം ഹൈക്കോടതി ജഡ്ജിയും വയോ നന്മ പദ്ധതിയുടെ സ്റ്റിയറിംഗ് കമ്മിറ്റി ചെയർമാനുമായ ജസ്റ്റിസ് മുരളി പുരുഷോത്തമൻ ഉദ്ഘാടനം ചെയ്തു.

ജില്ലയിലെ എല്ലാ താലൂക്കുകളിലും സുകൃതം എന്ന പേരിൽ ഹ്രസ്വനാടകം അവതരിപ്പിച്ചു. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും പരിപാലനവും ക്ഷേമവും നിയമം 2007 ഇതിവൃത്തമാക്കി മൂവാറ്റുപുഴയിലെ പാനൽ അഭിഭാഷകരും പാരാ ലീഗൽ വോളണ്ടിയർമാരും ചേർന്നാണ് നാടകം അവതരിപ്പിച്ചത്.

കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ സി . എസ് മോഹിത് അദ്ധ്യക്ഷനായി. എറണാകുളം പ്രിൻസിപ്പൽ സെഷൻസ് ജഡ്ജും ജില്ലാ സർവീസസ് അതോറിറ്റി ചെയർപേഴ്സണുമായ ഹണി എം വർഗീസ്, കെ എസ് എം സി സി ഡയറക്ടറായ ജുബിയ എ, കണയന്നൂർ താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി ചെയർമാനും അഡിഷണൽ ജില്ലാ ജഡ്ജുമായ സുലേഖ എം, എറണാകുളം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി ആർ ആർ രജിത എന്നിവർ പങ്കെടുത്തു. തുടർന്ന് എറണാകുളം ഗവൺമെന്റ് കോളേജിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച ഫ്ളാഷ്മോബ്, സുകൃതം നാടകം, സിഗ്നേച്ചർ കാമ്പയിൻ എന്നിവയും നടത്തി.

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** കൂവപ്പടി ഐസിഡിഎസ് പ്രോജക്ട് പരിധിയിൽ പ്രവർത്തിക്കുന്ന 36 അങ്കണവാടി കേന്ദ്രങ്ങളിലേക്ക് ഫർണിച്ചറും, ഉപകരണങ്ങളും വാങ്ങി വിതരണം ചെയ്യുന്നതിന് ജി.എസ്.ടി രജിസ്ട്രേഷനുള്ള അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. വിശദവിവരങ്ങൾ കൂവപ്പടി ശിശു വികസന പദ്ധതി ഓഫീസിൽ ലഭ്യമാണ്. ഫോൺ: 04842520783.

## സ്പോർട്സ് സ്കൂൾ പ്രവേശനം: എറണാകുളം സെലക്ഷൻ ട്രയൽസ് 25ന്

**കൊച്ചി:** സംസ്ഥാന കായിക യുവജനകാര്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലേക്കും സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്സ് സ്കൂളുകളിലേക്കും സ്പോർട്സ് അക്കാദമികളിലേക്കുമുള്ള സെലക്ഷൻ ട്രയൽസ് ആരംഭിച്ചതായി കായിക വകുപ്പ് അറിയിച്ചു. എറണാകുളം ജില്ലയിലെ സെലക്ഷൻ ട്രയൽസ് ഈ മാസം 25ന് ആലുവ യു സി കോളജ് ഗ്രൗണ്ടിൽ നടക്കും. സെലക്ഷനിൽ പങ്കെടുക്കാൻ എത്തുന്ന വിദ്യാർഥികൾ വയസ്സ് തെളിയിക്കുന്ന സർട്ടിഫിക്കറ്റും ആധാർ കാർഡും രണ്ട് പാസ്പോർട്ട് സൈസ്സ് ഫോട്ടോഗ്രാഫും അവർ പങ്കെടുക്കുന്ന കായിക ഇനങ്ങൾക്കുള്ള വേഷങ്ങളുമായി രാവിലെ 9.00 മണിക്ക് ട്രയൽസ് നടക്കുന്ന സ്റ്റേഡിയത്തിൽ എത്തണം. വിദ്യാർഥികൾക്ക് അവരുടെ സൗകര്യമനുസരിച്ച് മറ്റു ജില്ലകളിലെ സെലക്ഷൻ നടക്കുന്ന ഏത് സ്റ്റേഡിയത്തിൽ വേണമെങ്കിലും എത്താമെന്നും കായിക വകുപ്പ് അറിയിച്ചു. sdya.kerala.gov.in എന്ന വെബ്സൈറ്റിൽ സെലക്ഷൻ ട്രയൽസിന്റെ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്.

## ദേശീയ ബദാം ദിനാചരണം ഇന്ന്

**കൊച്ചി:** ദൈനംദിന ജീവിതത്തിൽ ബദാം ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യം എടുത്തുകാണിച്ച് ഇന്ന് (ജനുവരി 23) ദേശീയ ബദാം ദിനാചരണം. അവശ്യ പോഷകങ്ങളാൽ സമ്പന്നമായ കാലിഫോർണിയ ബദാം നിരവധി ആരോഗ്യ ഗുണങ്ങൾ നൽകുകയും മൊത്തത്തിലുള്ള ക്ഷേമത്തിന് സംഭാവന നൽകുകയും ചെയ്യുന്നുവെന്ന് ഗവേഷണങ്ങൾ എടുത്തുകാണിക്കുന്നുതായി ഇതേകുറിച്ച് സംസാരിച്ച ഡയറ്ററ്റിക്സ് വിദഗ്ധ റിതിക സമദ്ദർ പറയുന്നു. മഗ്നീഷ്യം, പ്രോട്ടീൻ, റൈബോഫ്ളേവിൻ, സിങ്ക്, നാരുകൾ, ആരോഗ്യകരമായ കൊഴുപ്പുകൾ തുടങ്ങി 15 അവശ്യ പോഷകങ്ങളുടെ ഉറവിടമാണ് കാലിഫോർണിയ ബദാം. മൊത്തത്തിലുള്ള ആരോഗ്യ ക്ഷേമത്തിന് സംഭാവന ചെയ്യുന്നതാണ് ഈ പോഷകങ്ങൾ. വിറ്റാമിൻ ഇയുടെ സമ്പന്നമായ ഉറവിടം കൂടിയായ ബദാം, ആരോഗ്യമുള്ളതും തിളങ്ങുന്നതുമായ ചർമത്തെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്ന ആന്റിഏജിങ് ഗുണങ്ങൾക്ക് പേരുകേട്ട ആന്റിഓക്സിഡന്റ് കൂടിയാണെന്നും റിതിക കൂട്ടിച്ചേർത്തു.

## റിപ്പബ്ലിക് ദിനത്തിൽ കപ്പൽ യാത്രയുമായി കെ.എസ്.ആർ.ടി.സി

**കൊല്ലം:** റിപ്പബ്ലിക് ദിനത്തിൽ കെ.എസ്.ആർ.ടി.സിയും ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനും ചേർന്ന് കപ്പൽ യാത്ര സംഘടിപ്പിക്കും. 26ന് രാവിലെ 10ന് എ.സി ലോ ഫ്ളോർ ബസിൽ എറണാകുളം മറൈൻ ഡ്രൈവിൽ പോയി അവിടെനിന്ന് അഞ്ചു മണിക്കൂർ അറബിക്കടലിൽ ചെലവഴിക്കുന്ന യാത്രക്ക് 4,240 രൂപയാണ് നിരക്ക്. ഡെക്കിൽ നിന്നുള്ള അസ്തമയ കാഴ്ചയും ഡി.ജെ മ്യൂസിക്, ഗെയിമുകൾ, മറ്റു വിനോദങ്ങൾ എന്നിവയും ബുഫെ ഡിന്നറും ഉണ്ടാകും. രാത്രി 12.30ഓടെ കൊല്ലത്ത് തിരിച്ചെത്തും.

ജനുവരി 25ന് മൂന്നാർ, ഇലവീഴാ പൂഞ്ചിറ യാത്രകളും 26ന് റോസ്മല, 27ന് ഗവി, 31ന് പാലക്കാട് യാത്രകളും കെ.എസ്.ആർ.ടി.സി ഒരുക്കുന്നുണ്ട്. ബുക്കിങ്ങിനും അന്വേഷണങ്ങൾക്കും 9747969768, 9495440444 നമ്പറുകളിൽ ബന്ധപ്പെടാം.



# റിപ്പബ്ലിക് ദിനാഘോഷം: എൻസിസി കേഡറ്റിന് പ്രതിരോധ മന്ത്രിയുടെ ഉന്നത ബഹുമതി

**കൊച്ചി;** 2025ലെ റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി നടന്ന പരിപാടികളിൽ കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ്, ജനുവരി 20ന് ന്യൂഡൽഹിയിലെ റിപ്പബ്ലിക് ദിന ക്യാമ്പിൽ നടന്ന ഇൻവെസ്റ്റിചർ ചടങ്ങിൽ, എൻസിസി കേഡറ്റുകളുടെ ഏറ്റവും ഉയർന്ന ബഹുമതിയായ രക്ഷാ മന്ത്രി പദക് അണ്ടർ ഓഫീസർ തേജ വിപിക്ക് സമ്മാനിച്ചു. ബേബി വിപിയുടെയും ശ്രീമതി സ്മിതയുടെയും മകളായ അണ്ടർ ഓഫീസർ തേജ വിപി, എൻസിസി ഡയറക്ടറേറ്റിന് (കേരളം & ലക്ഷദ്വീപ്) കീഴിലുള്ള കോഴിക്കോട്ടുള്ള എൻസിസി ഗ്രൂപ്പ് ആസ്ഥാനത്തിന്റെ കീഴിലുള്ള വയനാട്ടിലെ കൽപ്പറ്റയിലെ എൻഎംഎസ്എം കോളേജിൽ ബിഎ (മാസ് കമ്മ്യൂണിക്കേഷൻ & ജേണലിസം) മൂന്നാം വർഷ വിദ്യാർത്ഥിനിയാണ്.2024 ജൂലൈയിൽ വയനാട്ടിലുണ്ടായ മണ്ണിടിച്ചിൽ ദുരന്തത്തിൽ നിസ്വാർത്ഥ സേവനം, കർത്തവ്യബോധം, നേതൃത്വം, അങ്ങേയറ്റത്തെ കാരുണ്യം എന്നിവയ്ക്കുള്ള പ്രതിബദ്ധത കണക്കിലെടുത്താണ് അണ്ടർ ഓഫീസർ തേജ വിപിക്ക് ബഹുമതി ലഭിച്ചത്. വയനാട് മണ്ണിടിച്ചിൽ ദുരന്ത സമയത്ത് 5 കേരള ബറ്റാലിയൻ എൻസിസിയുടെ കീഴിൽ സിവിൽ അതോറിറ്റിക്ക് സഹായത്തിനായി വിന്യസിക്കപ്പെട്ട തേജ, വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങളിൽ ദുരിതാശ്വാസ സാമഗ്രികളുടെ വിതരണം ഏകോപിപ്പിക്കുന്നതിനും കുടിയിറക്കപ്പെട്ടവർക്കും പരിക്കേറ്റവർക്കും സഹായം നൽകുന്നതിനും തന്റെ ടീമിനൊപ്പം അക്ഷീണം പ്രവർത്തിച്ചു.ഒരു എൻസിസി കേഡറ്റ് എന്ന നിലയിൽ, ഈ എളിയ ലക്ഷ്യത്തിന് സംഭാവന ചെയ്യാൻ അവസരം നൽകിയതിന് യുഗ തേജ വിപി, കേരള & ലക്ഷദ്വീപ് എൻസിസി ഡയറക്ടറേറ്റിന് നന്ദി പറഞ്ഞു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വളരെ പ്രതികൂല സാഹചര്യങ്ങളിൽ മാറ്റമുണ്ടാക്കാൻ ടീം വർക്കിലൂടെയും ടീമിലെ എല്ലാ അംഗങ്ങളുടെയും സംഭാവനയിലൂടെയു മാത്രമേ സാധ്യമാകൂ എന്ന് തേജ എടുത്തുപറഞ്ഞു. ഈ നേട്ടം അവർ തന്റെ ടീമിന് സമർപ്പിച്ചു.

# ദേശീയ സമ്മതിദായക ദിനം: ഡിജിറ്റൽ പോസ്റ്റർ, സ്ലോഗൻ മത്സരം

**കൊച്ചി:** ദേശീയ സമ്മതിദായക ദിനത്തോടനുബന്ധിച്ച് യുവജനങ്ങൾക്കായി മത്സരങ്ങൾ സംഘടിപ്പിക്കുന്നു. 18 വയസിന് മുകളിൽ പ്രായമുള്ളവർക്കായാണ് മത്സരങ്ങൾ. ജനാധിപത്യത്തിൽ വോട്ടു ചെയ്യേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന സ്ലോഗനുകൾ എഴുതാം. ഒരാൾക്ക് ഒരു എൻട്രിയാണ് സമർപ്പിക്കാവുന്നത്.

തിരഞ്ഞെടുക്ക പ്പെടുന്ന ഏറ്റവും മികച്ച മൂന്ന് സ്ലോഗനുകൾക്ക് സമ്മാനം നൽകും.തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യേണ്ടതിന്റെ വോട്ടിംഗിന്റെ പ്രാധാന്യം അടിസ്ഥാനമാക്കിയാണ് ഡിജിറ്റൽ പോസ്റ്ററുകളും തയാറാക്കേണ്ടത്.

തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച മൂന്ന് പോസ്റ്ററുകൾക്ക് സമ്മാനം നൽകും.രണ്ടു വിഭാഗത്തിലും ഒരാൾക്ക് ഒരു എൻട്രിയാണ് സമർപ്പിക്കാവുന്നത്. സ്ലോഗനുകൾ /പോസ്റ്ററുകൾ electionsectionekm@gmail.com എന്ന ഇമെയിൽ വിലാസത്തിൽ 2025 ജനുവരി 23 നകം സമർപ്പിക്കണം. അയയ്ക്കുന്ന വ്യക്തിയുടെ പൂർണ്ണമായ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ ഇമെയിലിൽ രേഖപ്പെടുത്തണം. മത്സരവിജയികൾക്ക് ജനുവരി 25 ന് സംഘടിപ്പിക്കുന്ന ദേശീയ സമ്മതിദായക ദിനാഘോഷ ചടങ്ങിൽ സമ്മാനം വിതരണം ചെയ്യും.

# ജർമ്മൻ ഭാഷ പരീക്ഷ

**കൊച്ചി:** ജർമ്മൻ ഭാഷ പരീക്ഷയായ ദആ1ഛരടഉ എക്സാം ഫെബ്രുവരി മാസം 19,20 തീയതികളിൽ കാലടി, ആദിശങ്കര എഞ്ചിനീയറിംഗ് കോളേജിൽ വെച്ചു നടത്തുന്നു.കേരള സർക്കാരിന്റെ സീ ആപ്റ്റ്, കിറ്റ്സ്, എൽ ബി എസ് എന്നീ സ്ഥാപനങ്ങളുടെ കാൻസൽട്ടുമാരായ എക്സ്ട്രീമും വോഗൽ സർവിസ്സസ് ഇന്ത്യയുമായി സഹകരിച്ചാണ് എക്സാം നടത്തുന്നത്. രജിസ്ട്രേഷൻ വിവരങ്ങൾക്ക് +91 97781 92644എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.




# വീട്ടുമുറ്റ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനവുമായി സെമിനാർ

**കണ്ണൂർ:** പുഷ്പോത്സവത്തിന്റെ ഭാഗമായി പച്ചക്കറി കൃഷിയും റസിഡന്റ്സ് അസോസിയേഷനുകളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യൻ ഉദ്ഘാടനം ചെയ്തു. വീട്ടുമുറ്റങ്ങളിൽ ചെറിയ രീതിയിലെങ്കിലും കൃഷി ശീലമാക്കിയാൽ കുടുംബത്തിന് ആവശ്യമായ സ്വാദിഷ്ടവും സമ്പുഷ്ടവും വിഷരഹിതവുമായ പച്ചക്കറി ഉദ്പാദിപ്പിക്കാൻ കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. തരിശായി കിടക്കുന്ന സ്ഥലം ചെറിയ കൂട്ടായ്മയിലൂടെ കൃഷി ചെയ്താൽ ക്രമേണ നമുക്ക് സ്വയം പര്യാപ്തത നേടാനാകുമെന്നും അദ്ദേഹം പറഞ്ഞു. റസിഡന്റ്സ് അസോസിയേഷന്റെ സഹകരണത്തോടെ നടത്തിയ സെമിനാർ പങ്കാളിത്തം കൊണ്ടും ശ്രദ്ധേയമായി.

ഫെഡറേഷൻ ഓഫ് റസിഡന്റ്സ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ആർ അനിൽകുമാർ അധ്യക്ഷനായി. പാപ്പിനിശേരി കൃഷി ഓഫീസർ കെ കെ രാജശ്രീ വിഷയം അവതരിപ്പിച്ചു. ടി പി വിജയൻ, ഫെറ ജില്ലാ സെക്രട്ടറി മുരളികൃഷ്ണൻ, കെ പുരുഷോത്തമൻ എന്നിവർ സംസാരിച്ചു.

ഈച്ചേരി, അഴീക്കോട് സ്നേഹ സംഗമം മട്ടന്നൂർ വെള്ളിയാപറമ്പ , അഞ്ചരക്കണ്ടി സ്നേഹതീരം, കക്കാട് സെൻട്രൽ ഒണ്ടേൻ പറമ്പ റസിഡന്റ് സ് അസോസിയേഷനുകളെ ആദരിച്ചു.

മികച്ച രീതിയിൽ കൃഷി ചെയ്തതിനായിരുന്നു ആദരം.

# കേരളത്തിലെ ആദ്യ ലോക്കൽ ഏരിയ പ്ലാൻ കൊച്ചിയിൽ തയ്യാറാകുന്നു

**കൊച്ചി:** കേരളത്തിലെ ആദ്യത്തെ ലോക്കൽ ഏരിയ പ്ലാൻ കൊച്ചിയിൽ തയ്യാറാകുന്നതായി കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ പറഞ്ഞു. കൊച്ചി നഗരസഭ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ ഗസറ്റ് വിഞ്ജാപനം കഴിഞ്ഞു, നഗരസഭ പ്രദേശത്തു നടപ്പിലാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ എന്നത് 20 വർഷത്തേക്കുള്ള പദ്ധതികളുടെ ഒരു രൂപ രേഖയാണ്. മാസ്റ്റർ പ്ലാനിൻറെ വ്യവസ്ഥകൾക്ക് ഉള്ളിൽ നിന്ന് കൊണ്ടാണ് ലോക്കൽ ഏരിയ പ്ലാൻ തയ്യാറാകുന്നത്. വൈറ്റില മെട്രോ ,വാട്ടർ മെട്രോ, മൊബിലിറ്റി ഹബ്, ഫ്‌ളൈഓവർ എന്നിവയുടെ സംഗമസ്ഥലമായ കൊച്ചി നഗരസഭയിലെ 49,51,52,53 എന്നീ 4 ഡിവിഷനുകളിലെ പ്രസക്തഭാഗങ്ങൾ ഉൾപ്പെടുത്തി കൊണ്ടു വൈറ്റില ഏരിയയ്ക്കു വേണ്ടിയാണു കേരളത്തിലെ ആദ്യത്തെ ലോക്കൽ ഏരിയ പ്ലാൻ കൊച്ചിയിൽ തയ്യാറാകുന്നത്. മെട്രോ സ്ഥാപിതമായ സ്ഥലങ്ങളിലൂടെയെല്ലാം പൊതുഗതാഗതത്തെ പ്രോത്സാഹിപ്പിക്കാൻ ടിഒഡി എന്ന ആശയം ടി ലോക്കൽ ഏരിയ പ്ലാനിലൂടെ പ്രവർത്തികമാകണം എന്നാണ് ഉദ്ദേശിക്കുന്നതെന്നും മേയർ പറഞ്ഞു. ടിഒഡി മാതൃക ഉൾപ്പെടുത്തിക്കൊണ്ട് മേൽ പറഞ്ഞ ലോക്കൽ ഏരിയ പ്ലാൻ ഏരിയ കേന്ദ്രികരിച്ചു പൊതു ഗതാഗത സംവിധാനങ്ങൾ, കാൽനടയാത്രക്കാർക്കായുള്ള സൗകര്യം,പൊതു കളിസ്ഥലങ്ങൾ പാർക്കുകൾ, ഡെൻസിഫിക്കേഷൻ എന്നിവയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള ഒരു പൈലറ്റ് മോഡൽ എന്ന രീതിയിലാണ് വൈറ്റില പ്രദേശത്തു ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കുന്നത്. ഇതിന്റ ആദ്യപടിയായി നഗരസഭാ തലത്തിൽ സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കുകയും ചർച്ചകൾ നടത്തുകയുമുണ്ടായി. ലോക്കൽ ഏരിയ പ്ലാനിൻറെ ബേസ് മാപ് ഡ്രോൺ സർവ്വേ ഉപയോഗിച്ചു തയ്യറാകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഫെബ്രുവരി രണ്ടാം വാരം മുതൽ ഡ്രോൺ സർവ്വേയും സാമൂഹിക സാമ്പത്തിക സർവേയും ആരംഭിക്കും.

അഹമ്മദാബാദ് സെപ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നുമുള്ള വിദഗ്ദ്ധരുടെ പങ്കാളിത്തത്തോടു കൂടിയാണ് ലോക്കൽ ഏരിയ പ്ലാൻ തയ്യാറാക്കുന്നത് സീനിയർ ടൌൺ പ്ലാനറുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ പ്ലാനിങ് ഡിപ്പാർട്മെൻറാണ് ലോക്കൽ ഏരിയ പ്ലാൻ തയ്യാറാകുന്നത്. അടുത്ത ഘട്ടമായി പള്ളുരുത്തി മേഖലയിൽ പ്ലാൻ തയ്യാറാക്കും. കൊച്ചി നഗരസഭയിലെ 74 ഡിവിഷനുകളിലും ലോക്കൽ ഏരിയ പ്ലാൻ തയ്യറാകുന്നതാണെന്നും മേയർ വ്യക്തമാക്കി.

## മാധ്യമ അവാർഡുകൾക്ക് ഫെബ്രുവരി 10 വരെ എൻട്രികൾ സമർപ്പിക്കാം

**കൊച്ചി:** കേരള മീഡിയ അക്കാദമിയുടെ 2024ലെ മാധ്യമ അവാർഡുകൾക്കുള്ള എൻട്രികൾ 2025 ഫെബ്രുവരി 10 വരെ സമർപ്പിക്കാം. 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളാണ് പരിഗണിക്കുന്നത്.

ദിനപത്രങ്ങളിലെ മികച്ച എഡിറ്റോറിയലിനുള്ള വി.കരുണാകരൻ നമ്പ്യാർ അവാർഡ്, മികച്ച അന്വേഷണാത്മക റിപ്പോർട്ടിനുള്ള ചൊവ്വര പരമേശ്വരൻ അവാർഡ്, മികച്ച പ്രാദേശിക ലേഖകനുള്ള ഡോ. മൂർക്കന്നൂർ നാരായണൻ അവാർഡ്, മികച്ച ഹ്യൂമൻ ഇന്ററസ്റ്റ് സ്റ്റോറിക്കുള്ള എൻ.എൻ. സത്യവ്രതൻ അവാർഡ്, മികച്ച ന്യൂസ് ഫോട്ടോഗ്രാഫർക്കുള്ള മീഡിയ അക്കാദമി അവാർഡ്, ദൃശ്യമാധ്യമ രംഗത്തെ മികച്ച പ്രവർത്തനത്തിനുള്ള മീഡിയ അക്കാദമി അവാർഡ് എന്നിവയ്ക്കാണ് എൻട്രികൾ ക്ഷണിച്ചിട്ടുള്ളത്.

റിപ്പോർട്ടിൽ/ഫോട്ടോയിൽ ലേഖകന്റെ/ഫോട്ടോഗ്രാഫറുടെ പേര് ചേർത്തിട്ടില്ലെങ്കിൽ സ്ഥാപനത്തിന്റെ മേലാധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കണം. ഒരാൾക്ക് പരമാവധി മൂന്ന് എൻട്രികൾ വരെ അയയ്ക്കാം. എൻട്രിയുടെ ഒരു ഒറിജിനലും മൂന്ന് കോപ്പികളും അയയ്ക്കണം.

ഫോട്ടോഗ്രഫി അവാർഡിനുള്ള എൻട്രികൾ ഒറിജിനൽ ഫോട്ടോ തന്നെ അയയ്ക്കണം. ഫോട്ടോകൾ 10:8 വലുപ്പത്തിൽ പ്രിന്റുകൾ തന്നെ നൽകണം. അയയ്ക്കുന്ന കവറിനു പുറത്ത് ഏത് വിഭാഗത്തിലേയ്ക്കുള്ള എൻട്രിയാണ് എന്ന് രേഖപ്പെടുത്തണം. ദൃശ്യമാധ്യമ വിഭാഗത്തിലേക്കുള്ള എൻട്രികൾ ഞജ4 ഫോർമാറ്റിൽ പെൻഡ്രൈവിൽ ലഭ്യമാക്കേണ്ടതാണ്. 25,000 രൂപയും ഫലകവും പ്രശസ്തി പത്രവുമാണ് പുരസ്കാരജേതാക്കൾക്ക് ലഭിക്കുക.

ഫെബ്രുവരി 10ന് വൈകിട്ട് 5 നകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി682030 എന്ന വിലാസത്തിൽ എൻട്രികൾ ലഭിക്കണം.



# പൂർണ്ണ വികസനം സാധ്യമാകുന്നത് വികസന പ്രവർത്തനങ്ങൾ എല്ലാവരിലും എത്തുമ്പോൾ: ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ

**കൊച്ചി:** നാടിന്റെ വികസന പ്രവർത്തനങ്ങൾ ഗിരി വർഗ്ഗ മേഖലകളിലടക്കം സമസ്ത മേഖലകളിലും എത്തുമ്പോൾ മാത്രമാണ് യഥാർത്ഥത്തിൽ രാജ്യത്തിൻറെ പുരോഗമനം പൂർണ്ണമാകുകയുള്ളൂ എന്ന് ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ അഭിപ്രായപ്പെട്ടു. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും യുവജനകാര്യ കായിക മന്ത്രാലയത്തിന്റെയും സഹകരണത്തോടുകൂടി മേരാ യുവഭാരത് നെഹ്റു യുവ കേന്ദ്ര സംഘടിപ്പിച്ച പതിനാറാമത് ആദിവാസി യുവജന വിനിമയ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.ഭാരതത്തിലെ എല്ലാ പ്രദേശങ്ങളും സുന്ദരമാണ്. രാജ്യത്തെ ജനങ്ങളുടെ മനസ്സിൽ ശാന്തിയും സമാധാനവും ഉണ്ടാകുമ്പോഴാണ് രാജ്യത്തിൻറെ യശസ്സ് ഉയരുന്നത്. യുവജങ്ങളാണ് നാളെയുടെ പ്രതീക്ഷകൾ. അതാത് പ്രദേശത്തെ വികസന പ്രവർത്തനങ്ങൾ എന്തായിരിക്കണമെന്നു തീരുമാനിക്കുന്നത് യുവജങ്ങൾ ആയിരിക്കണം. രാജ്യത്തിൻറെ മറ്റു ഭാഗങ്ങളിൽ നടക്കുന്ന വികസനക്ഷേമ പരിപാടികളെക്കുറിച്ച് അറിവുണ്ടായാൽ മാത്രമേ ഒരോ പ്രദേശത്തെയും സാഹചര്യമനുസരിച്ച് വികസന പരിപാടികൾ ആവിഷ്കരിക്കാൻ കഴിയുകയുള്ളു എന്നും അദ്ദേഹം പറഞ്ഞു. ഇവരിൽ നിന്ന് തന്നെ കലക്ടർമാരും ഡോക്ടർമാരും എൻജിനീയർമാരും ജഡ്ജിമാരും മികച്ച കൃഷിക്കാരും സംരംഭകരും ഉണ്ടാകണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചടങ്ങിൽ ജില്ലാ കലക്ടർ ഉമേഷ് എൻ എസ് കെ ഐ.എ.എസ് അധ്യക്ഷത വഹിച്ചു. നെഹ്റു യുവ കേന്ദ്ര സ്റ്റേറ്റ് ഡയറക്ടർ എം അനിൽകുമാർ, തൃക്കാക്കര നഗരസഭ കൗൺസിലർ സുബൈദ റസാക്ക്, ആഭ്യന്തര മന്ത്രാലയം അണ്ടർ സെക്രട്ടറി രാജ്കുമാർ, കേന്ദ്ര ആഭ്യന്തരമന്ത്രാലയം എ എസ് ഒ ബൻവാരിലാൽ, ഡോ. ആർ സുരേന്ദ്രൻ ജില്ലാ യൂത്ത് ഓഫീസർ വിവേക് ശശിധരൻ എന്നിവർ പ്രസംഗിച്ചു.ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന പരിപാടിയിൽ വിവിധ വിഷയങ്ങളെ അധികരിച്ച് ക്ലാസുകളും ചർച്ചകളും ഉണ്ടായിരിക്കും.

ഛത്തീസ്ഗഢിലെ ദന്തേവാഡ, കങ്കർ, മൊഹല്ല, ജാർഖണ്ഡിലെ വെസ്റ്റ് സിങ്ഭും,മഹാരാഷ്ട്രയിലെ ഗഡ്ചിറോളി എന്നീ പിന്നോക്ക ജില്ലകളിലെ 200 ഓളം വരുന്ന യുവതീ യുവാക്കളാണ് സപ്തദിന പരിപാടിയിൽ പങ്കെടുക്കുന്നത്.സംഘാംഗങ്ങൾ എറണാകുളത്തെ കളക്ട്രേറ്റ്, മട്ടാഞ്ചേരി, കടവന്ത്ര റീജിയണൽ സ്പോർട്സ് സെൻറർ, കൊച്ചിൻ ഷിപ്പ് യാർഡ്, മറൈൻ ഡ്രൈവ്, മട്ടാഞ്ചേരി തെരുവ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കും. വാട്ടർ മെട്രോ, മെട്രോ റെയിൽ എന്നിവയിൽ സഞ്ചരിക്കും. 26 ാംതീയതി നടക്കുന്ന സമാപന സമ്മേളനം കേരള കൃഷി വകുപ്പ് മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. ഹൈബി ഈഡൻ എംപി അധ്യക്ഷത വഹിക്കും.



# ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയാറാക്കാൻ പരിശീലനം

**കൊച്ചി:** കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡും എറണാകുളം ജില്ലാതല ജൈവവൈവിധ്യ കോ ഓഡിനേഷൻ കമ്മിറ്റിയും സംയുക്തമായി ജില്ലയിലെ ജൈവവൈവിധ്യ പരിപാലന സമിതികൾക്കായി ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ (പി.ബി.ആർ.) രണ്ടാം ഭാഗം തയ്യാറാക്കൽ പരിശീലന പരിപാടി ജില്ലാ പഞ്ചായത്ത് പ്രിയദർശനി ഹാളിൽ സംഘടിപ്പിച്ചു.എറണാകുളം ജില്ലാ പഞ്ചായത്ത് പ്രസിഡന്റും ജില്ലാതല ജൈവവൈവിധ്യ കോഓഡിനേഷൻ കമ്മറ്റി ചെയർമാനുമായ മനോജ് മൂത്തേടൻ പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു.

കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ചെയർമാൻ ഡോ. എൻ. അനിൽകുമാർ അധ്യക്ഷത വഹിച്ചു. യോഗത്തിൽ ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ആമുഖ പ്രഭാഷണം നടത്തി.എറണാകുളം ജില്ലയിലെ ജൈവവൈവിധ്യ സംരക്ഷണത്തിനും ജൈവ വൈവിധ്യ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനുമായി ബി.എം സി കൾ പ്രവർത്തിക്കണമെന്നും ജില്ലയിലെ നാട്ടറിവുകളും കാടറിവുകളും കടലറിവുകളും പി.ബി. ആർ. ൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യ മാണെന്നും ചെയർമാൻ പറഞ്ഞു.വിവിധ ജില്ലകളിലെ ബി.എം.സി കളുടെ പ്രവർത്തനങ്ങളെക്കുറിച്ചും ബി.എം.സികളുടെ പ്രാധാന്യത്തെക്കുറിച്ചും ബി.എം.സികൾ പരിസ്ഥിതി കാവൽ സംഘമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ജൈവ വൈവിധ്യ വിഭവങ്ങളുടെ സുസ്ഥിര ഉപയോഗത്തിനും ബി.എം.സികൾ വഹിക്കുന്ന പങ്കിനെ ക്കുറിച്ചും മെമ്പർ സെക്രട്ടറി ഡോ. വി. ബാലകൃഷ്ണൻ ആ മുഖ പ്രഭാഷണത്തിൽ വിശദീകരിച്ചു.

പിബിആർ രണ്ടാം ഭാഗം തയ്യാറാക്കുന്നതിന്റെ പ്രാധാന്യം, രീതിശാസ്ത്രം, വിവരശേഖരണം എന്നീ ടെക്നിക്കൽ സെഷനുകൾ കെ.എസ്.ബി.ബി. പ്രിൻസിപ്പൽ സയന്റിഫിക് ഓഫീസർ ഡോ. സി. എസ്. വിമൽ കുമാർ, സീനിയർ റിസർച്ച് ഓഫീസർ ബൈജു എന്നിവർ നയിച്ചു.

പ്ലാനിങ് ഓഫീസർ ഇൻ ചാർജ് ടി. ജ്യോതിമോൾ, ജൈവവൈവിധ്യ ബോർഡ് എറണാകുളം ജില്ലാ കോഓഡിനേറ്റർ എൻ. കെ. ശ്രീരാജ്, ഇടുക്കി ജില്ലാ കോർഡിനേറ്റർ വി.എസ്. അശ്വതി, 36 തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, അസിസ്റ്റൻറ് സെക്രട്ടറിമാർ മറ്റ് ഉദ്യോഗസ്ഥർ ബിഎംസി കൺവീനർമാർ ബിഎംസി അംഗങ്ങൾ എന്നിവർ പങ്കെടുത്തു.



# ജില്ലാ ആസൂത്രണ സമിതിയോഗം : 19 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം

**കൊച്ചി:** ജില്ലാ ആസൂത്രണ സമിതി യോഗത്തിൽ 19 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2024 –25 വാർഷിക പദ്ധതി ഭേദഗതിക്ക് അംഗീകാരം. ആസൂത്രണ സമിതി ചെയർമാനായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് അംഗീകാരം നൽകിയത്. മണീട് പഞ്ചായത്തിന്റെ ഹെൽത്ത് ഗ്രാന്റ് പദ്ധതി ഭേദഗതിക്കും അംഗീകാരം നൽകി.2025–26 വാ4ഷിക പദ്ധതിയുമായി ബന്ധപ്പെട്ട ജില്ലാതല മുൻഗണനകൾ, സംയുക്ത/സംയോജിത പദ്ധതികൾ എന്നിവയും യോഗത്തിൽ ചർച്ച ചെയ്തു. വാർഷിക പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വയോജന പാർക്ക്, ആലുവയിൽ എബിസി സെന്റർ, ഓപ്പൺ ജിം തുടങ്ങിയ പദ്ധതികളും യോഗത്തിൽ ചർച്ച ചെയ്തു. ആലുവയിൽ മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥലത്ത് വിപുലമായ എബിസി സെന്റർ തുടങ്ങുന്നതിനാണ് പദ്ധതി തയാറാക്കുന്നത്. അങ്കമാലി, ആലങ്ങാട്, പാറക്കടവ്, പറവൂർ, കൂവപ്പടി ബ്ലോക്കുകളിലെ 29 പഞ്ചായത്തുകളെയും ആലുവ, പെരുമ്പാവൂർ, അങ്കമാലി, നോ4ത്ത് പറവൂർ, ഏലൂർ, കളമശേരി, തൃക്കാക്കര എന്നീ നഗരസഭകളെയും ഉൾപ്പെടുത്തിയാകും പദ്ധതി നടപ്പാക്കുക. ജനുവരി 24 ന് നടക്കുന്ന സംസ്ഥാന ധനകാര്യ കമ്മീഷന്റെ സന്ദർശനവുമായി ബന്ധപ്പെട്ട വിശദാംശങ്ങളും യോഗം ചർച്ച ചെയ്തു. ജില്ലാ പഞ്ചായത്ത് ഇഎംഎസ് ഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്തംഗങ്ങളായ ശാരദാ മോഹൻ, എ.എസ്. അനിൽ കുമാർ, ജമാൽ മണക്കാടൻ, തുളസി ടീച്ചർ, ടി. ജ്യോതിമോൾ, വിവിധ തദ്ദേശ സ്ഥാപന അധ്യക്ഷന്മാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ജില്ലയിൽ എംപെഡനെറ്റ്ഫിഷ് മുഖേന പട്ടിക ജാതി/ പട്ടിക വർഗ മത്സ്യത്തൊഴിലാളികൾക്കും ബോട്ട് ഉടമകൾക്കും മത്സ്യ സംഭരണത്തിനായി ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾക്ക് 75 ശതമാനം സബ്സിഡി നൽകുന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. പട്ടിക ജാതി/ പട്ടിക വർഗ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത/യന്ത്രവത്കൃത യാനങ്ങളുടെ ഉടമസ്ഥർക്കും ഈ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്കും പരമാവധി രണ്ട് ബോക്സുകൾ വീതം നൽകുന്ന പദ്ധതിയിൽ 50 ലിറ്റർ കപ്പാസിറ്റി മുതലുള്ള ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾക്കാണ് ധനസഹായം നൽകുന്നത്. താല്പര്യമുള്ളവർക്ക് ബന്ധപ്പെട്ട മത്സ്യഭവൻ ഓഫീസിൽ ഫെബ്രുവരി ഏഴിനകം അപേക്ഷ സമർപ്പിക്കാം. ധനസഹായം ലഭ്യമാക്കുന്നതിനായി അപേക്ഷയോടൊപ്പം എസ് സി/എസ്.ടി സർട്ടിഫിക്കറ്റ്, യാനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, യാനത്തിന്റെ ലൈസൻസ്, അപേക്ഷകന്റെ ആധാർ കാർഡ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ഇൻസുലേറ്റഡ് ഫിഷ് ബോക്സ്കളുടെ ജിഎസ്ടി ബിൽ മുതലായവ അതത് മത്സ്യഭവൻ ഓഫീസുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് മത്സ്യഭവൻ ഓഫീസുമായോ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ 04842394476, 7356249978 നമ്പറിലോ ബന്ധപ്പെടാം. ഇമെയിൽ:ddfisheriesekm@gmail.com

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** മരട് മാങ്കായിൽ സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ മരട് നഗരസഭയുടെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് ടെൻഡർ ക്ഷണിച്ചു. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 24 ന് ഉച്ചയ്ക്ക് ഒന്നു വരെ.

## ഓവർസീയർ കരാർ നിയമനം

**കൊച്ചി;** എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ ഓവർസീയർ ഒഴിവുകളിലേക്ക് കരാർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രതിമാസ ഓണറേറിയം 20065 രൂപ. അപേക്ഷകൾ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 10 ദിവസത്തിനകം കാര്യാലയത്തിൽ തപാൽ മുഖേന ലഭിച്ചിരിക്കണം. യോഗ്യത:ഡിപ്ലോമ (സിവിൽ), ആട്ടോകാഡ് അഭികാമ്യം, പ്രവൃത്തി പരിചയം. അപേക്ഷ അയക്കേണ്ട വിലാസം: എക്സിക്യൂട്ടീവ് എഞ്ചിനീയർ, പിഐയു, മൂന്നാം നില, സിവിൽ സ്റ്റേഷൻ, കാക്കനാട് പി6682030.

## താൽപ്പര്യപത്രം ക്ഷണിച്ചു

**കൊച്ചി:** നോർത്ത് പറവൂർ ശിശുവികസന പദ്ധതി ഓഫീസറുടെ കീഴിലെ 37 അങ്കണവാടികളിൽ ഫർണിച്ചർ / ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിന് അംഗീകാരമുള്ള ഏജൻസികളിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു.

താത്പര്യപത്രം ഫെബ്രുവരി മൂന്നിന് വൈകിട്ട് നാലിനു മുമ്പായി നോർത്ത് പറവൂർ മിനി സിവിൽ സ്റ്റേഷൻ രണ്ടാം നിലയിൽ പ്രവർത്തിക്കുന്ന നോർത്ത് പറവൂർ ഐസിഡിഎസ് ഓഫീസിൽ ലഭ്യമാക്കണം. ഫോൺ.: 0484 2448803.

# സൂപ്പർ ജിമ്നി




റിഥം ക്രിയേഷൻസിന്റെ ബാനറിൽ രാജേഷ് മലയാലപ്പുഴ നിർമ്മിച്ച് അനു പുരുഷോത്ത് തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന സൂപ്പർ ജിമ്നി ട്രെയിലർ റിലീസായി. മീനാക്ഷി നായികയാവുന്ന സൂപ്പർ ജിമ്നി ജനുവരി 24 ന് ക്യാക്റ്റസ് സിനിമാക്സ് പ്രദർശനത്തിനെത്തിക്കുന്നു. സീമ ജി. നായർ, കുടശനാട് കനകം, ഡോ. രജിത്കുമാർ, ജയകൃഷ്ണൻ, മൻരാജ്, ജയശങ്കർ, കലഭാവൻ റഹ്മാൻ, കലാഭാവൻ നാരയണൻ കുട്ടി, കോബ്ര രാജേഷ്, ഉണ്ണികൃഷ്ണൻ, എൻ.എം. ബാദുഷ, പ്രിയങ്ക, ജോഷ്ന തരകൻ, അനിൽ ചമയം, സംഗീത, സ്വപ്ന അനിൽ, പ്രദീപ്, ഷാജിത്, മനോജ്, സുബ്ബലക്ഷ്മിയമ്മ, ബാലതാരങ്ങളായ ദേവനന്ദ, അൻസു മരിയ, തൻവി, അന്ന, ആര്യൻ, ആദിൽ, ചിത്തിര തുടങ്ങിയവരാണ് മറ്റു താരങ്ങൾ. ലഹരിയുടെ പിടിയിലായ കോളനിയേയും ഉയർന്ന ഉദ്യോഗസ്ഥന്റെ മകനായ ഡോക്ടറും ഈ മാഫിയകളുടെ കണ്ണി ആകേണ്ടി വരുന്നു. അതിൽ മോചിതനാകാൻ ശ്രമിച്ചപ്പോൾ എല്ലാം നഷ്ടപ്പെട്ടുന്ന ഡോക്ടറും കുടുംബവും, ഒരു ഗ്രാമത്തെ രക്ഷിക്കാൻ ശ്രമിക്കുന്ന പെൺകുട്ടിയുടെ കഥയാണ് സൂപ്പർ ജിമ്നി പറയുന്നത്. വളരെ നാളുകൾക്ക് ശേഷം ഗ്രാമീണ പശ്ചാത്തലത്തിലുള്ള കുടുംബ ബന്ധങ്ങളുടെ നൊമ്പരങ്ങളും ചിരിയും ചിന്തയുമുള്ള സിനിമയാണ് സൂപ്പർ ജിമ്നി. ജി.കെ.നന്ദകുമാർ ഛായാഗ്രഹണം നിർവ്വഹിക്കുന്നു. ശിവാസ് വാഴമുട്ടം, നിസാം ഹുസൈൻ, രാജീവ് ഇലന്തൂർ, സതീഷ് കൈമൾ എന്നിവരുടെ വരികൾക്ക് ഡോക്ടർ വി.ബി. ചന്ദ്രബാബു, പ്രദീപ് ഇലന്തൂർ, ശ്രീജിത്ത് തൊടുപുഴ എന്നിവർ സംഗീതം പകരുന്നു. മധുബാലകൃഷ്ണൻ, അഖില ആനന്ദ്, കല്ലറ ഗോപൻ, മീനാക്ഷി സുരേഷ്, അനിൽ കോവളം , മധു ബാലകൃഷണൻ , സുമേഷ് ഐെയിരൂർ, ടെസ്സ്റ്റിൻ ടോം എന്നിവരാണ് ഗായകർ, പശ്ചാത്തല സംഗീതം പ്രദീപ് ഇലന്തൂർ എഡിറ്റിംഗ് ജിതിൻ കുമ്പുക്കാട്ട്, കല ഷെറീഫ് ചാവക്കാട്, മേക്കപ്പ് ഷെമി, വസ്ത്രാലങ്കാരം ശ്രീലേഖ ത്വിഷി, സ്റ്റിൽസ് അജീഷ് അവണി,ആക്ഷൻ കോറിയോഗ്രാഫി ഡ്രാഗൺ ജിറോഷ്, ടൈറ്റിൽ മ്യൂസിക് വി.ബി രാജേഷ്, സ്പ്രിംഗ് നൃത്ത സംവിധാനം, പ്രൊഡക്ഷൻ കൺട്രോളർ ശ്രീകുമാർ ചെന്നിത്തല, ചീഫ് അസോസിയേറ്റ് ഡയറക്ടർ മഹേഷ് കൃഷ്ണ, അസിസ്റ്റന്റ് ഡയറക്ടർ ശ്രീജിത്ത്, ജയരാജ്, വിഷ്ണു, ദീപക്, സൈമൺ, പ്രൊജക്ട് ഡിസൈനർ പ്രസാദ് മാവിനേത്ത്, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് വിശ്വപ്രകാശ്, പി ആർ ഒ എ.എസ്. ദിനേശ്.




# ഒരു ജാതി ജാതകം ജനുവരി 31ന്

വിനീത് ശ്രീനിവാസൻ,നിഖില വിമൽ എന്നിവരെ കഥാപാത്രങ്ങളാക്കി എം മോഹനൻ സംവിധാനം ചെയ്യുന്ന ഒരു ജാതി ജാതകം ജനുവരി മുപ്പത്തിയൊന്നിന് പ്രദർശനത്തിനെത്തുന്നു. ബാബു ആന്റണി, പി പി കുഞ്ഞികൃഷ്ണൻ, മൃദുൽ നായർ, ഇഷാ തൽവാർ, വിധു പ്രതാപ്, സയനോര ഫിലിപ്പ്, കയാദു ലോഹർ, രഞ്ജി കങ്കോൽ, അമൽ താഹ, ഇന്ദു തമ്പി, രഞ്ജിത മധു, ചിപ്പി ദേവസ്യ, വർഷ രമേശ്, പൂജ മോഹൻരാജ്, ഹരിത പറക്കോട്, ഷോൺ റോമി, ശരത്ത് ശഭ, നിർമ്മൽ പാലാഴി, വിജയകൃഷ്ണൻ, ഐശ്വര്യ മിഥുൻ കൊറോത്ത്, അനുശ്രീ അജിതൻ, അരവിന്ദ് രഘു, തുടങ്ങിയവരാണ് മറ്റു താരങ്ങൾ. വർണച്ചിത്രയുടെബാനറിൽ മഹാസുബൈർ നിർമിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം വിശ്വജിത് ഒടുക്കത്തിൽനിർവ്വഹിക്കുന്നു. രാകേഷ് മണ്ടോടി തിരക്കഥ സംഭാഷണം എഴുതുന്നു. എഡിറ്റർരഞ്ജൻ എബ്രഹാം, ഗാനരചനമനു മഞ്ജിത്ത്,സംഗീതംഗുണബാലസുബ്രമണ്യം, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ

സൈനുദ്ദീൻ,കലജോസഫ് നെല്ലിക്കൽ, മേക്കപ്പ്ഷാജിപുൽപള്ളി, വസ്ത്രാലങ്കാരം റാഫി കണ്ണാടിപ്പറമ്പ്. കോ റൈറ്റർസരേഷ് മലയൻകണ്ടി, പ്രൊഡക്ഷൻ കൺട്രോളർ ഷമീജ് കൊയിലാണ്ടി, ക്രിയേറ്റീവ് ഡയറക്ടർ മനു സെബാസ്റ്റ്യൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ അനിൽ എബ്രാഹം, ഫിനാൻസ് കൺട്രോളർ ഉദയൻ കപ്രശ്ശേരി, കാസ്റ്റിംഗ് ഡയറക്ടർ പ്രശാന്ത് പാട്യം, അസോസിയേറ്റ് ഡയറക്ടർ ജയപ്രകാശ് തവനൂർ, ഷമീം അഹമ്മദ്, അസിസ്റ്റന്റ് ഡയറക്ടർ റോഷൻ പാറക്കാട്, നിർമ്മൽ വർഗ്ഗീസ്, സമർ സിറാജുദിൻ, കളറിസ്റ്റ് ലിജു പ്രഭാകർ, സൗണ്ട് ഡിസൈൻ സച്ചിൻ സുധാകരൻ, സൗണ്ട് മിക്സിംഗ് വിപിൻ നായർ, വിഎഫ്എക്സ് സർജാസ് മുഹമ്മദ്, കൊറിയോഗ്രാഫർ അർച്ചന മാസ്റ്റർ, ആക്ഷൻ പിസി സ്റ്റണ്ട്സ്, സ്റ്റിൽസ് പ്രേംലാൽ പട്ടാഴി, പരസ്യകല യെല്ലോ ടൂത്ത്സ്, ടൈറ്റിൽ ഡിസൈൻ അരുൺ പുഷ്കരൻ, പ്രൊഡക്ഷൻ എക്സിക്യുട്ടീവ് നസീർ കൂത്തുപറമ്പ്, അബിൻ എടവനക്കാട്, മാർക്കറ്റിംഗ്, വിതരണം വർണ്ണച്ചിത്ര, പി ആർ ഒ എ എസ് ദിനേശ്.





# അൻപോടു കണ്മണി

അർജുൻ അശോകൻ അനഘ നാരായണൻ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി ലിജു തോമസ് സംവിധാനം ചെയ്യുന്ന അൻപോട് കൺമണി എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ, സഞ്ജയ് ദത്ത്, വിനീത് ശ്രീനിവാസൻ, ബേസിൽ ജോസഫ്, ഉണ്ണി മുകുന്ദൻ, ആസിഫ് അലി തുടങ്ങിയ താരങ്ങളുടെ സോഷ്യൽ മീഡിയ പേജിലൂടെ റിലീസ് ചെയ്തു. ക്രിയേറ്റീവ് ഫിഷിന്റെ ബാനറിൽ വിപിൻ പവിത്രൻ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അൽത്താഫ് സലിം, മാലാ പാർവതി, ഉണ്ണി രാജ, നവാസ് വള്ളിക്കുന്ന്, മൃദുൽ നായർ, ഭഗത് മാനുവൽ, ജോണി ആന്റണി തുടങ്ങിയവരും അഭിനയിക്കുന്നു. സരിൻ രവീന്ദ്രൻ ഛായാഗ്രഹണം നിർവഹിക്കുന്നു. അനീഷ് കൊടുവള്ളി തിരക്കഥ സംഭാഷണമെഴുതുന്നു. മനു മഞ്ജിത്തിന്റെ വരികൾക്ക് സാമുവൽ എബി സംഗീതം പകരുന്നു.എഡിറ്റിംഗ് സുനിൽ എസ് പിള്ള.ചീഫ് അസോസിയേറ്റ് ഡയറക്ടർപ്രദീപ് പ്രഭാകർ, പ്രിജിൻ ജെസ്സിയ,പ്രൊഡക്ഷൻ കൺട്രോളർജിതേഷ് അഞ്ചുമന,

മേക്കപ്പ് നരസിംഹ സ്വാമി, വസ്ത്രാലങ്കാരം ലിജി പ്രേമൻ, ക്രിയേറ്റീവ് പ്രൊഡ്യൂസർ ചിന്റു കാർത്തികേയൻ, കല ബാബു പിള്ള, കളറിസ്റ്റ് ലിജു പ്രഭാകർ, ശബ്ദ രൂപകല്പന കിഷൻ മോഹൻ, ഫൈനൽ മിക്സ് ഹരിനാരായണൻ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ സനൂപ് ദിനേശ്, സ്റ്റിൽസ് ബിജിത്ത് ധർമ്മടം, പബ്ലിസിറ്റി ഡിസൈൻ യെല്ലോടൂത്ത്സ്, മാർക്കറ്റിംഗ് ആന്റ് കമ്യൂണിക്കേഷൻ ഡോക്ടർ സംഗീത ജനചന്ദ്രൻ (സ്റ്റോറീസ് സോഷ്യൽ). പ്രൊഡക്ഷൻ മാനേജർജോബി ജോൺ, കല്ലാർ അനിൽ. ജനുവരി ഇരുപത്തി നാലിന് അൻപോട് കൺമണി പ്രദർശനത്തിനെത്തുന്നു. പി ആർ ഒഎ എസ് ദിനേശ്.

# പൊൻമാൻ




നടനും സംവിധായകനുമായ ബേസിൽ ജോസഫിനെ നായകനാക്കി ജ്യോതിഷ് ശങ്കർ സംവിധാനം ചെയ്യുന്ന പൊൻമാൻ എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ടീസർ റിലീസായി. ജനുവരി മുപ്പതിന് പ്രദർശനത്തിനെത്തുന്ന ഈ ചിത്രത്തിൽ സജിൻ ഗോപു, ലിജിമോൾ ജോസ്, ആനന്ദ് മന്മഥൻ, ദീപക് പറമ്പൊൾ, രാജേഷ് ശർമ്മ,സന്ധ്യ രാജേന്ദ്രൻ,ജയാ കുറുപ്പ്,റെജു ശിവദാസ്,ലക്ഷ്മി സഞ്ജു,മജു അഞ്ചൽ, വൈഷ്ണവി കല്യാണി, ആനന്ദ് നെച്ചൂരാൻ, കെവി കടമ്പനാടൻ, കിരൺ പീതാംബരൻ, മിഥുൻ വേണുഗോപാൽ, ശൈലജ പി അമ്പു, തങ്കം മോഹൻ തുടങ്ങിയ താരങ്ങളും അഭിനയിക്കുന്നു. അജിത് വിനായക ഫിലിംസിന്റെ ബാനറിൽ വിനായക അജിത് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ തിരക്കഥ സംഭാഷണം ജി ആർ ഇന്ദുഗോപൻ, ജസ്റ്റിൻ മാത്യു എന്നിവർ ചേർന്നാണ് എഴുതുന്നു. ജി ആർ ഇന്ദുഗോപന്റെ നാലഞ്ച് ചെറുപ്പക്കാർ എന്ന നോവലിനെ ആസ്പദമാക്കിയാണ് ഈ ചിത്രം ഒരുക്കിട്ടുള്ളത്. സാനു ജോൺ വർഗീസ് ഛായാഗ്രഹണം നിർവഹിക്കുന്നു.സുഹൈൽ കോയ എഴുതിയ വരികൾക്ക് ജസ്റ്റിൻ വർഗീസ് സംഗീതം പകരുന്നു. എഡിറ്റർനിധിൻ രാജ് ആരോൾ, പ്രൊജക്റ്റ് ഡിസൈനർ രഞ്ജിത്ത് കരുണാകരൻ, പ്രൊഡക്ഷൻ ഡിസൈനർ ജ്യോതിഷ് ശങ്കർ, കലാസംവിധാനം കൃപേഷ് അയപ്പൻകുട്ടി, വസ്ത്രാലങ്കാരം മെൽവി ജെ, മേക്കപ്പ് സുധി സുരേന്ദ്രൻ, പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് വിമൽ വിജയ്, ചീഫ് അസോസിയേറ്റ് ഡയറക്ടർ എൽസൺ എൽദോസ്, സൗണ്ട് ഡിസൈൻ ശങ്കരൻ എ എസ്,കെ സി സിദ്ധാർത്ഥൻ, സൗണ്ട് മിക്സിങ് വിഷ്ണു സുജാതൻ, ആക്ഷൻ ഫീനിക്സ് പ്രഭു, കളറിസ്റ്റ് ലിജു പ്രഭാകർ, വിഎഫ്എക്സ് നോക്ടർണൽ ഒക്റ്റേവ് പ്രൊഡക്ഷൻസ്, സ്റ്റിൽസ് രോഹിത് കൃഷ്ണൻ, പബ്ലിസിറ്റി ഡിസൈൻ യെല്ലോ ടൂത്, പി ആർ ഒ എ എസ് ദിനേശ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സംസ്ഥാന ടെലിവിഷൻ അവാർഡുകൾ പ്രഖ്യാപിച്ചു

**തിരുവനന്തപുരം:** 2023 ലെ സംസ്ഥാന ടെലിവിഷൻ അവാർഡുകൾ സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ പ്രഖ്യാപിച്ചു. അമൃത ടിവിയിൽ സംപ്രേഷണം ചെയ്ത ആൺപിറന്നോൾ ആണ് മികച്ച ടെലി സീരിയൽ. ശിവമോഹൻ തമ്പി സംവിധാനവും അരുൺരാജ് ആർ നിർമാണവും നിർവഹിച്ച ആൺപിറന്നോളിന് തിരക്കഥ എഴുതിയത് ഗണേഷ് ഓലിയക്കരയാണ്. ട്രാൻസ്ജെൻഡറുടെ പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും കഥയാണ് ആൺപിറന്നോൾ അവതരിപ്പിച്ചത്. സു.സു.സുരഭിയും സുഹാസിനിയുമാണ് മികച്ച രണ്ടാമത്തെ ടെലി സീരിയൽ. രാജേഷ് തലച്ചിറ സംവിധാനവും ഫ്ലവേഴ്സ് ടിവി നിർമാണവും നിർവഹിച്ച സു.സു.സുരഭിയും സുഹാസിനിയും കുടുംബ പശ്ചാത്തലത്തിൽ കാലികമായ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ദ്വയാർത്ഥപ്രയോഗങ്ങൾ ഇല്ലാതെ സമൂഹത്തിന് നല്ല സന്ദേശങ്ങൾ പകരുന്ന പരമ്പരയാണെന്ന് ജൂറി അഭിപ്രായപ്പെട്ടു.

കൺമഷിയാണ് 20 മിനിറ്റിൽ താഴെയുള്ള മികച്ച ടെലിഫിലിം. അനൂപ് കൃഷ്ണൻ സംവിധാനവും തിരക്കഥയും നിർവഹിച്ച കൺമഷിയുടെ നിർമാണം അഞ്ജലി കല്ലേങ്ങാട്ടാണ്. തെയ്യം എന്ന അനുഷ്ഠാന കലയുടെ പശ്ചാത്തലത്തിൽ പ്രണയവും പ്രതികാരവും തികഞ്ഞ സാങ്കേതിക മികവോടെ അവതരിപ്പിച്ചതായി ജൂറി അഭിപ്രായപ്പെട്ടു. ഷാനൂബ് കരുവത്ത് നിർമാണവും തിരക്കഥയും നിർവഹിച്ച് മറിയം ഷാനൂബ് സംവിധാനം ചെയ്ത ലില്ലി 20 മിനിറ്റിൽ കൂടിയ മികച്ച ടെലിഫിലിമായി. ആൺപിറന്നോളിന്റെ കഥാകൃത്തായ ഗംഗ ടെലി സീരിയൽ/ ടെലിഫിലിം വിഭാഗത്തിലെ മികച്ച കഥാകൃത്തായി. ഒരു പെൺകുട്ടിയിൽ നിന്ന് ആൺകുട്ടിയിലേക്കുള്ള പരിണാമത്തിന്റെ ആത്മസംഘർഷങ്ങളാണ് ഗംഗ ആവിഷ്ക്കരിച്ചത്. എന്റർട്ടെയിൻമെന്റ് വിഭാഗത്തിലെ മികച്ച ടി വി ഷോ ആയി മഴവിൽ മനോരമയിൽ സംപ്രേഷണം ചെയ്ത കിടിലം തെരഞ്ഞെടുത്തു. മഴവിൽ മനോരമയിൽ സംപ്രേഷണം ചെയ്ത ഒരു ചിരി ഇരു ചിരി ബംബർ ചിരി (സീസൺ 2) മികച്ച കോമഡി പ്രോഗ്രാമായി. എം.എം ടി വി ലിമിറ്റഡ് നിർമാണവും രഞ്ജിത്ത് ആർ നായർ സംവിധാനവും നിർവഹിച്ച ഒരു ചിരി ഇരു ചിരി ബംബർ ചിരി പുതിയ കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ട് ദ്വയാർഥ പ്രയോഗങ്ങൾ, ശാരീരിക അധിക്ഷേപം എന്നിവ ഇല്ലാത്ത നർമ മുഹൂർത്തങ്ങൾ സൃഷ്ടിച്ചതായി ജൂറി അഭിപ്രായപ്പെട്ടു. ഫ്ലവേഴ്സ് ടിവി സംപ്രേഷണം ചെയ്ത അമ്മേ ഭഗവതിയിലെ ശബ്ദലേഖനത്തിന് നന്ദകുമാർ മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റിനുള്ള അവാർഡ് നേടി. വിവിധ പ്രതിസന്ധികളിലൂടെ കടന്ന് പേകുന്ന പൂജാരി എന്ന കഥാപാത്രത്തിന്റെ ശബ്ദത്തെ സന്നിവേശിപ്പിച്ചതിനാണ് പുരസ്കാരം. പാർവതി എസ് പ്രകാശാണ് വനിതാ വിഭാഗത്തിലെ മികച്ച ഡബ്ബിംഗ് ആർട്ടിസ്റ്റ്. ആൺപിറന്നോളിലെ അപൂർവ എന്ന പെൺകുട്ടിയുടെ സ്വരഭേദത്തിനാണ് പുരസ്കാരം. ടെലി സീരിയൽ/ ടെലിഫിലിം വിഭാഗത്തിലെ മികച്ച സംവിധായകനും നടനുമായി അനൂപ് കൃഷ്ണനെ തെരഞ്ഞെടുത്തു. കൺമഷിയിലെ അഭിനയത്തിനും സംവിധാന മികവിനുമാണ് പുരസ്കാരം. അമ്മേ ഭഗവതിയിലെ അഭിനയത്തിന് സീനു രാഘവേന്ദ്ര മികച്ച രണ്ടാമത്തെ നടനായി. ടെലിഫിലിം വിഭാഗത്തിൽ ആൺപിറന്നോളിലെ അഭിനയത്തിന് റിയ കുര്യാക്കോസും ലില്ലിയിലെ അഭിനയത്തിന് മറിയം ഷാനൂബും മികച്ച നടിക്കുള്ള അവാർഡ് പങ്കിട്ടു. സു.സു.സുരഭിയും സുഹാസിനിയിലെ അഭിനയത്തിന് മികച്ച രണ്ടാമത്തെ നടിക്കുള്ള അവാർഡ് അനുക്കുട്ടിക്ക് ലഭിച്ചു. ശാലോം ടിവി അവതരിപ്പിച്ച മധുരം എന്ന ടെലിഫിലിമിലെ അഭിനയത്തിന് ആദിത് ദേവ് മികച്ച ബാലതാരമായി. കണ്മഷിയുടെ ഛായാഗ്രഹണം നിർവഹിച്ച ശിഹാബ് ഓങ്ങല്ലൂർ മികച്ച ഛായാഗ്രാഹകനായി.

ലാസ്റ്റ് സപ്പർ എന്ന ടെലി ഫിലിമിന്റെ എഡിറ്റിങ് മികവിന് വിഷ്ണു എസ് പരമേശ്വർ മികച്ച ദൃശ്യസംയോജകനുള്ള അവാർഡ് നേടി. വിഷ്ണു ശിവശങ്കറാണ് മികച്ച സംഗീത സംവിധായകൻ. കണ്മഷിയിലെ സംഗീതസംവിധാനത്തിനാണ് വിഷ്ണുവിന് അവാർഡ്. സിൻസ് ഫോർഎവർ എന്ന പരിപാടിയിലൂടെ നംഷാദ് എസ് മികച്ച ശബ്ദലേഖകനുള്ള അവാർഡിന് അർഹനായി.

ലില്ലിയുടെ കലാസംവിധാനം നിർവഹിച്ച മറിയം ഷാനൂബാണ് മികച്ച കലാ സംവിധായിക. മീഡിയ വൺ ടിവി നിർമിച്ച് സി എം ഷെരീഫ് സംവിധാനം ചെയ്ത കുടകിലെ കുഴിമാടങ്ങളാണ് മികച്ച ജനറൽ വിഭാഗം ഡോക്യുമെന്ററി.




# ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോ തുടങ്ങി

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബോട്ടിംഗ്, മറൈൻ, വാട്ടർസ്പോർട്സ് വ്യവസായങ്ങളുടെ പ്രദർശനമായി വളർന്ന ഇന്ത്യാ ബോട്ട് ആൻഡ് മറൈൻ ഷോയുടെ (ഐബിഎംഎസ്) ഏഴാമത് പതിപ്പിന് കൊച്ചി ബോൾഗാട്ടി പാലസ് ഇവന്റ് സെന്ററിൽ തുടക്കമായി. ഇന്ത്യൻ കോസ്റ്റ് ഗാർഡ് കേരളാ റീജിയൻ ഡിഐജി എൻ രവി, നാഷനൽ സ്മോൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സോണൽ മാനേജർ ചെന്നൈ എം ശ്രീവത്സൻ, ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യാ ഡയറക്ടർ എ സെൽവകുമാർ, കൊച്ചിൻ ഷിപ്പ് യാർഡ് ജിഎം മെറ്റീരിയൽസ് ശിവകുമാർ എ, ഏരീസ് ഗ്രൂപ്പ് സ്ഥാപക ചെയർമാനും സിഇഒയുമായ സോഹൻ റോയ് കേരളാ ട്രാവൽ മാർട്ട് പ്രസിഡന്റ് ജോസ് പ്രദീപ് തുടങ്ങിയവർ ചേർന്ന് ഉദ്ഘാടനം ചെയ്തു.

റിക്രിയേഷനൽ, ലീഷർ ബോട്ടിംഗ് വിപണിയിൽ നിന്നുള്ള സ്പീഡ് ബോട്ടുകൾ, മറൈൻ എൻജിനുകൾ, നാവിഗേഷനൽ സിസ്റ്റങ്ങൾ, ബോട്ടുകൾ, മറൈൻ ഉപകരണങ്ങൾ, സേവനദാതാക്കൾ തുടങ്ങി ഈ രംഗത്തെ വിവിധ വ്യവസായ മേഖലകളിൽ നിന്നുള്ള 55ലേറെ സ്ഥാപനങ്ങളാണ് ഉൽപ്പന്നങ്ങളും സേവനങ്ങളും പ്രദർശിപ്പിക്കുന്നത്. മൂന്നു ദിവസമായി നടക്കുന്ന പ്രദർശനത്തിന് 4000ത്തിലേറെ ബിസിനസ് സന്ദർശകരെയാണ് പ്രതീക്ഷിക്കുന്നതെന്ന് സംഘാടകരായ ക്രൂസ് എക്സ്പോസ് ഡയറക്ടർ ജോസഫ് കുര്യാക്കോസ് പറഞ്ഞു. രാവിലെ 11 മുതൽ വൈകീട്ട് 7 വരെയാണ് സന്ദർശന സമയം. മേള നാളെ സമാപിക്കും. കേരളത്തിലും ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും വിവിധ ലോകരാജ്യങ്ങളിൽ നിർമിച്ച് ഇറക്കുമതി ചെയ്തവയുമായ വിവിധ തരം ബോട്ടുകൾ, സോളാർ ബോട്ടുകൾ, സുരക്ഷാ ഉപകരണങ്ങൾ, ആളില്ലാതെ പ്രവർത്തിക്കുന്ന പായൽ നിർമാർജന ബോട്ടുകൾ തുടങ്ങിയവയാണ് മേളയിലെ പ്രധാന ആകർഷണം. അലൂമിനിയം, എച്ച്ഡിപിഇ, ഫൈബർ ഗ്ലാസ്, തടി തുടങ്ങിയവയിൽ നിർമിച്ച ജലയാനങ്ങളുടെ വ്യത്യസ്ത നിര തന്നെ പ്രദർശത്തിനുണ്ട്. പൂണെ ആസ്ഥാനമായുള്ള വെയ്ചായ് ഇന്ത്യ അവരുടെ രണ്ട് പ്രസിദ്ധ ഉൽപ്പന്നങ്ങളാ ഡബ്ല്യുപിഎസ് മറൈൻ എൻജിൻ, 82.5 കെവിഎ മറൈൻ ഡീസൽ ജനറേറ്റർ എന്നിവ മേളയിൽ പ്രദർശിപ്പിക്കുന്നുണ്ട്. ബെംഗളൂരുവിൽ നിന്നുള്ള സ്റ്റഗറോൺ മറൈനാണ് അലൂമിനിയം നിർമിത ബോട്ടുകൾ അവതരിപ്പിക്കുന്നത്. ബാറ്ററിയിൽ പ്രവർത്തിക്കുന്ന അകാബൈക്ക്, അകാകാർ എന്നീ ഉൽപ്പന്നങ്ങളും കമ്പനിയുടേതായുണ്ട്. .

# വാർഷികപദ്ധതി ഭേദഗതികൾക്ക് അംഗീകാരം നൽകി

**കൊല്ലം:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 202425 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട ഭേദഗതികൾക്ക് ജില്ലാ ആസൂത്രണ സമിതി യോഗം അംഗീകാരം നൽകി. 10 ഗ്രാമപഞ്ചായത്തുകൾ, അഞ്ച് ബ്ലോക്ക് പഞ്ചായത്തുകൾ, രണ്ട് മുനിസിപ്പാലിറ്റികളുടെ പദ്ധതികളാണ് അംഗീകരിച്ചത്. 202526 വാർഷിക പദ്ധതി രൂപീകരണം ഉടനെ പൂർത്തികരിക്കുന്നതിന് തദ്ദേശസ്ഥാപന അധ്യക്ഷന്മാർക്കും സെക്രട്ടറിമാർക്കും നിർദേശം നൽകി. സർക്കാരിന്റെ മുൻഗണനാ പദ്ധതികളും ജില്ലാ ആസൂത്രണ സമിതി നൽകുന്ന നിർദേശങ്ങൾക്കും അനുസൃതമായാണ് വാർഷിക പദ്ധതി രൂപീകരിക്കേണ്ടത്.

ഓട്ടോമാറ്റിക് വെതർസ്റ്റേഷൻ, ജില്ലാതല ജൈവവൈവിധ്യ രജിസ്റ്റർ, കാർബൺ ന്യൂട്രൽ പഞ്ചായത്ത്, ജലബജറ്റ്, മറൈൻ അക്വേറിയം, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ, എ.ബി.സി പ്രോഗ്രാം, ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട് സ്ഥലം ഇല്ലാത്ത പി.എച്ച്.സി/ സബ് സെന്ററുകൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ തുടങ്ങിയവ വാർഷിക പദ്ധതിയുടെ ഭാഗമാക്കാൻ യോഗം നിർദേശം നൽകി.

ജില്ലാ പഞ്ചായത്ത് കൗൺസിൽ ഹാളിൽ ചേർന്ന ആസൂത്രണ സമിതി യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോ. പി.കെ ഗോപൻ അധ്യക്ഷനായി. ജില്ലാ കലക്ടർ എൻ. ദേവിദാസ്, സബ് കലക്ടർ നിഷാന്ത് സിൻഹാര, ജില്ലാ ആസൂത്രണ സമിതി അംഗങ്ങളായ എൻ.എസ് പ്രസന്നകുമാർ, ബി. ജയന്തി, വസന്ത രമേശ്, ഡോ. ഷാജി, സർക്കാർ നോമിനി എം വിശ്വനാഥൻ, തദ്ദേശസ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ തുടങ്ങിയവർ പങ്കെടുത്തു.

# നാടൻ തോട്ടണ്ടി 110 രൂപ നിരക്കിൽ സംഭരിക്കും; കശുമാങ്ങ കിലോക്ക് 15 രൂപ

**കൊല്ലം:** കാഷ്യൂ കോർപറേഷന്റെ കൊല്ലം, തലശ്ശേരി, തൃശൂർ, ആലപ്പുഴ, തിരുവനന്തപുരം ജില്ലകളിലായി പ്രവർത്തിക്കുന്ന 30 ഫാക്ടറികളിലും നാടൻ തോട്ടണ്ടി സംഭരിക്കുമെന്ന് ചെയർമാൻ എസ്. ജയമോഹനും മാനേജിങ് ഡയറക്ടർ കെ. സുനിൽ ജോണും അറിയിച്ചു. സർക്കാറിന്റെ വിലനിർണയ കമ്മിറ്റി യോഗം ചേർന്ന് കിലോക്ക് 110 രൂപ നൽകാനാണ് തീരുമാനിച്ചത്. കഴിഞ്ഞവർഷം ഇത് 105 രൂപയായിരുന്നു. കർഷകനെ സഹായിക്കുകയും ഇതര സംസ്ഥാനങ്ങളിലേക്ക് തോട്ടണ്ടി പോകുന്നത് തടയുകയും ലക്ഷ്യമിട്ടാണ് സർക്കാർ വില വർധിപ്പിച്ചത്.

കശുമാങ്ങ കിലോക്ക് 15 രൂപ നൽകി സംഭരിക്കും. കേടുകൂടാതെ സംഭരിക്കുന്ന കശുമാങ്ങ കോർപറേഷന്റെ കൊട്ടിയം ഫാക്ടറിയിൽ വാങ്ങും. കാഷ്യൂ കോർപറേഷൻ വിപണിയിൽ ഇറക്കിയിട്ടുള്ള കാഷ്യൂ സോഡാ, കാഷ്യൂ ആപ്പിൾ ജ്യൂസ്, കാഷ്യൂ പൈൻ ജാം എന്നിവയുടെ ഉൽപാദനത്തിനാണ് കശുമാങ്ങ വാങ്ങുന്നത്. 100 കിലോയിൽ കൂടുതൽ കർഷകർ ശേഖരിച്ചുവെച്ചാൽ കോർപറേഷൻ തോട്ടങ്ങളിൽ എത്തി സംഭരിക്കും. വിളവെടുക്കുന്ന ദിവസം തന്നെ കോർപറേഷനെ അറിയിക്കണമെന്ന് അധികൃതർ അറിയിച്ചു.

# കാർഷിക യന്ത്രോപകരണങ്ങൾക്കുള്ള ഓൺലൈൻ അപേക്ഷ ജനുവരി 25 മുതൽ

**കൊച്ചി:** കാർഷിക മേഖലയിൽ ചെലവു കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനു് സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ പദ്ധതിയിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിളവെടുപ്പാനന്തര, വിള സംസ്കരണ, മൂല്യവർധിത പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ ലഭിക്കുന്നതിനുള്ള ഓൺലൈൻ അപേക്ഷകൾ ജനുവരി 15 മുതൽ സ്വീകരിക്കും.

വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകക കൂട്ടായ്മകൾ, സ്വാശ്രയ ഗ്രൂപ്പുകൾ, കാർഷിക ഉത്പാദന ഗ്രൂപ്പുകൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം നൽകും.

202425 സാമ്പത്തിക വർഷത്തെ അപേക്ഷകൾ ഓൺലൈനായി http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകുമെന്നറിയിച്ചിരുന്നുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ഓൺലൈൻ അപേക്ഷകൾ ജനുവരി 25/ മുതൽ മാത്രമേ നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിനീയർ അറിയിച്ചു. കൂടുതൽ വിവരങ്ങൾ എറണാകുളം കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഓഫീസ്, കൃഷിഭവനുകൾ എന്നിവിടങ്ങളിൽ നിന്നും അറിയാം. ഫോൺ 0484 2422974, 9496246073, 9847529216, 9746557998.

# ഡിടിപിസി ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം ഡിടിപിസിയുടെ കീഴിലുള്ള ഏഴാറ്റുമുഖം പ്രകൃതി ഗ്രാമം പാർക്ക് നിബന്ധനകൾക്കു വിധേയമായി കരാർ വ്യവസ്ഥയിൽ മൂന്നു വർഷത്തേക്ക് നടത്തിപ്പിനായി അംഗീകൃത സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്ന് ടെൻഡർ ക്ഷണിച്ചു.

ടെൻഡർ ഫോം ജനുവരി 24 മുതൽ പാർക്ക് അവന്യു റോഡിലെ ഡി ടി പിസി ഓഫീസിൽ നിന്നു പ്രവൃത്തി ദിനങ്ങളിൽ ലഭിക്കും. ടെൻഡറുകൾ ഫെബ്രുവരി ആറിന് ഉച്ചയ്ക്ക് 1.30 വരെ സ്വീകരിക്കും. അന്നു തന്നെ 2 മണിക്ക് തുറക്കും. ഫോൺ: 984733 1 200

# വിശ്വ സമുദ്ര ഗ്രൂപ്പ് എംഡിയായി ശിവദത്ത് ദാസ് നിയമിതനായി



**കൊച്ചി:** മിഡിൽ ഈസ്റ്റ്, യൂറോപ്പ്, തെക്കേ അമേരിക്ക എന്നിവിടങ്ങളിൽ സാന്നിധ്യമുള്ള ഹൈദരാബാദിലെ വിശ്വ സമുദ്ര ഗ്രൂപ്പ് എംഡിയായി ശിവദത്ത് ദാസിനേയും വൈസ് ചെയർപേഴ്സണായി ലക്ഷ്മി പ്രിയദർശിനിചിന്തയേയും നീയമിച്ചതായി പ്രമോട്ടർ ചെയർമാൻ ചിന്തശശിധർ അറിയിച്ചു.ഫിക്കി നാഷണൽ എക്സിക്യൂട്ടീവിന്റെ ഭാഗമായ ശിവദത്ത്, യുണൈറ്റഡ് സ്പിരിറ്റ്സ്, ഐസിഐസിഐ പ്രുഡൻഷ്യൽ, ഭാരതി ആക്സ ലൈഫ് ഇൻഷുറൻസ്, ടാറ്റ എഐഎ, റിലയൻസ് ക്യാപിറ്റൽ, ഡി വൈ പാട്ടീൽ ഹെൽത്ത്കെയർ തുടങ്ങിയ സ്ഥാപനങ്ങളുമായി മുൻകാലങ്ങളിൽ സ്വന്തം സ്റ്റാർട്ട്അപ്പ് ഇക്കോ സിസ്റ്റത്തിനപ്പുറം ആദ്യകാല നിക്ഷേപകനായി പ്രവർത്തിച്ചിട്ടുണ്ട്. ഐപിഒയ്ക്ക് മുമ്പുള്ള സ്വിഗ്ഗി ക്യാപ് ടേബിളിലെ അദ്ദേഹം. സമർത്ഥയായ ഗണിതശാസ്ത്രാധ്യാപികയായ ലക്ഷ്മി പ്രിയദർശിനി ഗ്രൂപ്പിന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ എകോപനവും നിർവഹിക്കും.

# ടൂറിസ്റ്റ് ടാക്സി:നെടുമ്പാശ്ശേരിയുമായി ബന്ധപ്പെട്ടുള്ളത് വ്യാജ പ്രചാരണം

**കൊച്ചി:** നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ ടൂറിസ്റ്റ് ടാക്സി തൊഴിലാളികൾക്കെതിരെ പരാതി നൽകാൻ വിനോദസഞ്ചാരികളോട് പൊതുമരാമത്ത്, ടൂറിസം വകുപ്പ് മന്ത്രി മുഹമ്മദ് റിയാസ് ആവശ്യപ്പെട്ടു എന്ന തരത്തിൽ പ്രചരിക്കുന്ന സന്ദേശങ്ങൾ വ്യാജമാണെന്ന് മന്ത്രിയുടെ ഓഫീസ് അറിയിച്ചു. വിമാനത്താവളത്തിലെ ടാക്സി തൊഴിലാളികളെ നിയന്ത്രിക്കുന്ന ഒരു സംവിധാനവും ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നിലവിലില്ല.

കേരളത്തിലെ ഒരു വിമാനത്താവളത്തിലും ടാക്സി തൊഴിലാളികളെ നിയന്ത്രിക്കാനോ, വിനോദസഞ്ചാരികൾ പോകേണ്ട ടാക്സികൾ ഏതൊക്കെ എന്ന് കണക്കാക്കാനോ വിനോദസഞ്ചാര വകുപ്പ് ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. മന്ത്രി അങ്ങനെയൊരു നിർദ്ദേശവും നൽകിയിട്ടുമില്ല. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ടാക്സി തൊഴിലെടുക്കുന്നവർ എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ടെങ്കിൽ അത് വിമാനത്താവള അധികൃതരെ അറിയിക്കുക. അതിന് പകരം അതുമായി ഒരുവിധ ബന്ധവുമില്ലാത്ത മന്ത്രിയുടെ പേരിൽ വ്യാജ പ്രചരണങ്ങൾ അടിച്ചിറക്കുന്നത് രാഷ്ട്രീയ ലക്ഷ്യത്തോടെയാണ്. ഇത്തരം വ്യാജ സന്ദേശങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട്.

# ഒ ബൈ താമരയിൽ റിപ്പബ്ലിക് ഡേ സ്പെഷ്യൽ ബ്രഞ്ച്

**തിരുവനന്തപുരം:** റിപ്പബ്ലിക് ഡേ സ്പെഷ്യൽ ബ്രഞ്ചുമായി രാജ്യത്തിന്റെ 76ാം റിപ്പബ്ലിക് ദിനം ആഘോഷിക്കാൻ തയ്യാറെടുത്ത് തിരുവനന്തപുരം ഒ ബൈ താമര. തനത് ഇന്ത്യൻ രുചികൾക്കൊപ്പം മൾട്ടി കുസീൻ വിഭവങ്ങളുടെ നീണ്ട നിരയും ഒ കഫെയിൽ ജനുവരി 26ന് റിപ്പബ്ലിക് ഡേ സ്പെഷ്യൽ ബ്രഞ്ചിൽ ആസ്വദിക്കാം. പ്രാദേശിക വിഭവങ്ങളുടെ പ്രത്യേക മെനുവും ലൈവ് കുക്കിംഗ് സ്റ്റേഷനുകളും ഈ റിപ്പബ്ലിക് ഡേ സ്പെഷ്യൽ ബ്രഞ്ചിലുണ്ടാകും. ദേശഭക്തി നിറയുന്ന രീതിയിൽ അലങ്കരിച്ചിരിക്കുന്ന അന്തരീക്ഷത്തിൽ രുചികരമായ വിഭവങ്ങൾ ആസ്വദിച്ചുകൊണ്ട് ഈ റിപ്പബ്ലിക് ദിനം ആഘോഷമാക്കാം. 1999++ രൂപയാണ് റിപ്പബ്ലിക് ഡേ സ്പെഷ്യൽ ബ്രഞ്ചിന്റെ നിരക്ക്. മുൻകൂർ ബുക്കിംഗിനായി +91 806555 1111 ഈ നമ്പറിൽ ബന്ധപ്പെടാം.

# പാലക്കാട് ലുലുവിൽ ദേശഭക്തിഗാന മത്സരം

**പാലക്കാട്:** റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പാലക്കാട് ലുലുവിൽ ദേശഭക്തിഗാന മത്സരം സംഘടിപ്പിക്കുന്നു. 26ന് വൈകുന്നേരം നാലുമുതലാണ് മത്സരം.സോളോ ദേശഭക്തിഗാന മത്സരത്തിൽ എട്ടു മുതൽ 11 വയസ് വരെ പ്രായമുള്ള കുട്ടികൾക്കും 12 മുതൽ 15 വയസ് വരെ പ്രായമുള്ള കുട്ടികൾക്കുമായി രണ്ടു വിഭാഗങ്ങളായിട്ടാകും മത്സരം.മത്സരത്തിൽ വിജയിക്കുന്ന കുട്ടികൾക്ക് കാഷ് പ്രൈസ് ഉണ്ടാകും. മത്സരത്തിൽ പങ്കെടുക്കാനായി കുട്ടികളുടെ പേര്, പ്രായം, പ്രായം തെളിയിക്കുന്ന രേഖയുടെ ഫോട്ടോ, പാട്ടിന്റെ പേര് എന്നീ വിവരങ്ങൾ 7306336784 എന്ന വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശമായി അയച്ചു രജിസ്റ്റർ ചെയ്യാം.



# മുത്തൂറ്റ് എക്സിം ഗോൾഡ് പോയിന്റ് സെന്റർ ദാവൺഗരെയിലും

**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ ഭാഗമായ മുത്തൂറ്റ് എക്സിമിന്റെ 363മത് ഗോൾഡ് പോയിന്റ് സെന്റർ കർണാടകത്തിലെ ദാവൺഗരെയിൽ പ്രവർത്തനമാരംഭിച്ചു. കമ്പനിയുടെ ഇന്ത്യയിലെ 343മത്തെയും കർണാടകയിലെ ആറാമത്തെയും കേന്ദ്രമാണിത്. ഗോൾഡ് പോയിന്റ് സെന്ററുകളിൽ ഉപയോക്താക്കൾക്ക് പഴയ സ്വർണാഭരണങ്ങൾ ന്യായവിലയിലും വളരെ വേഗത്തിലും വിൽപന നടത്താൻ കഴിയും.

പതിനായിരം രൂപ വരെയുള്ള സ്വർണത്തിന് ഐഎംപിഎസ്, എൻഇഎഫ്ടി, ആർടിജിഎസ് വഴി തൽക്ഷണം പേമെന്റ് നടത്താം. കർണാടകയുടെ സമ്പദ് വ്യവസ്ഥയിൽ നിർണായക പങ്ക് വഹിക്കുന്ന ദാവൺഗരെയിൽ ഗോൾഡ് പോയിന്റ് തുറക്കുന്നതിലൂടെ നഗരത്തിന്റെ വളർച്ചയിൽ മുത്തൂറ്റ് ഗ്രൂപ്പ് പങ്കാളിത്തം വഹിക്കാൻ പോകുകയാണെന്ന് മുത്തൂറ്റ് എക്സിം സിഇഒ കെയൂർ ഷാ പറഞ്ഞു.

ദാവൺഗരെയിലെ ജനങ്ങളെ അവരുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായിച്ചുകൊണ്ട് അവരിലേക്ക് ഇറങ്ങിച്ചെല്ലാനാണ് മുത്തൂറ്റ ഗ്രൂപ്പ് ആഗ്രഹിക്കുന്നതെന്ന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്റ്ററും മുത്തൂറ്റ് എക്സിം മാനേജിംഗ് ഡയറക്റ്ററുമായ തോമസ് മുത്തൂറ്റ് പറഞ്ഞു.

മുത്തൂറ്റ് എക്സിം പ്രൈവറ്റ് ലിമിറ്റഡ് ഇന്ത്യയിൽ സ്വർണ്ണ പുനരുപയോഗ കേന്ദ്രം ആരംഭിച്ച ആദ്യത്തെ കമ്പനിയാണ്.

2015 ൽ കോയമ്പത്തൂരിൽ ആദ്യത്തെ ഗോൾഡ് പോയിന്റ് സെന്റർ ആരംഭിച്ചതിനുശേഷം, കമ്പനി മുംബൈ, ബാംഗ്ലൂർ, ചെന്നൈ, ഡൽഹി, കൊൽക്കത്ത, ഹുബ്ബള്ളി, നാഗ്പൂർ, ബരാസത്, തിരുനെൽവേലി, ഗുണ്ടൂർ, വാറങ്കൽ തുടങ്ങിയ പ്രധാന നഗരങ്ങളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു.



# എടിഎസ് എൽജി നെക്സ്റ്റ് ജനറേഷൻ ഓട്ടോമോട്ടീവ് സൊല്യൂഷനുകൾ അവതരിപ്പിച്ചു

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ഗാരേജ് ഉപകരണ നിർമ്മാതാവും എൽജി എക്യുപ്മെന്റ്സ് ലിമിറ്റഡിന്റെ സബ്സിഡിയറിയുമായ എടിഎസ് എൽജി, 2025ലെ ഭാരത് മൊബിലിറ്റി എക്സ്പോ 2025ൽ ഓട്ടോമോട്ടീവ് സർവീസ് സൊല്യൂഷനുകളുടെ ഒരു ശ്രേണി പ്രദർശിപ്പിച്ചു.

എടിഎസ് ടച്ച്ലെസ് വീൽ അലൈനർ, ഹൈ പെർഫോമൻസ് കൊളീഷൻ റിപ്പയർ സിസ്റ്റം (സിആർഎസ്), അഡ്വാൻസ്ഡ് വെൽഡിങ്ങ് എക്യുപമെന്റ്, സ്പെഷലൈസ്ഡ് ഇ വി എക്യുപ്മെന്റ്, വി ആർ ടെക്നോളജിയുടെ സഹായത്തോടെ ഡയഗ്നോസ്റ്റിക് ഉപകരണങ്ങളുടെ ഡെമോ എന്നിവയും ഓട്ടോ എക്സ്പോ കോംപോണന്റ്സ് ഷോയിൽ അവതരിപ്പിച്ചു.

എടി എസ് എൽജിയിൽ, നെക്സ്റ്റ് ജനറേഷൻ സാങ്കേതികവിദ്യ ഉപയോഗിച്ച് ഓട്ടോമോട്ടീവ് സർവീസ് മേഖലയെ പുനർനിർവ്വചിക്കുക എന്നതാണ് കമ്പനിയുടെ ലക്ഷ്യമെന്ന് എടിഎസ് എൽജി മാനേജിംഗ് ഡയറക്ടർ പ്രവീൺ തിവാരി പറഞ്ഞു. ഇത് വിശ്വസനീയമായതും സ്ഥിരതയുള്ളതുമായ പരിഹാരങ്ങൾ വാഗ്ദാനം ചെയ്യുന്നു. ഇലക്ട്രിക് മൊബിലിറ്റിയിലും നവീന ഓട്ടോമോട്ടീവ് സാങ്കേതികവിദ്യയിലും ഉണ്ടായ മാറ്റങ്ങളിലൂടെ ഇത് എളുപ്പത്തിൽ സാധ്യമാകുന്നതായും അദ്ദേഹം വ്യക്തമാക്കി.

# ഓക്സിജനിൽ ജയ് ഹോ റിപ്പബ്ലിക് സെയിൽ

**കോട്ടയം:** ഓക്സിജൻറെ കേരളത്തിലെ എല്ലാ ഷോറൂമുകളിലും റിപ്പബ്ലിക് ആഘോഷങ്ങളുടെ ഭാഗമായി ജയ് ഹോ റിപ്പബ്ലിക് സെയിൽ കാമ്പയിന് തുടക്കമായി. എയർ കണ്ടീഷണർ വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് ഒട്ടനവധി ഓഫറുകളും ആനുകൂല്യങ്ങളും ലഭ്യമാണ്.

3000 രൂപ വരെ കാഷ്ബാക്ക് ഓഫർ, 2000 രൂപ വരെ എക്സ്ചേഞ്ച് ബോണസ്, അഞ്ച് വർഷം വരെ ഫുൾ വാറൻറിയും 10 വർഷം വരെ കംപ്രസർ വാറന്റിയുമുള്ള എസികൾ, പ്രതിദിനം 56 രൂപ മുതൽ തുടങ്ങുന്ന ഇഎംഐ ഓഫറുകൾ തുടങ്ങിയ ശ്രദ്ധേയമായ ഓഫറുകൾ ലഭ്യമാണ്.സ്മാർട്ട്ഫോണുകൾക്കും ലാപ്ടോപ്പുകൾക്കും 15000 രൂപ വരെ ഇൻസ്റ്റൻറ് ഡിസ്കൗണ്ടും, 26 രൂപ ഡൗൺപേയ്മെന്റിൽ തുടങ്ങുന്ന ഇഎംഐ ഓഫറിൽ ടിവി, റഫ്രിജറേറ്റർ, വാഷിംഗ് മെഷിനെ തുടങ്ങിയ ഡിജിറ്റൽ ഇലക്ട്രോണിക്ക് പ്രോഡക്റ്റുകൾ പർച്ചേസ് ചെയ്യാം, 26% വരെ കാഷ്ബാക്ക് ഓഫറും ലഭിക്കും.പ്രഷർ കുക്കർ, വാട്ടർ ഹീറ്റർ, എയർ ഫ്രയർ, സീലിംഗ് ഫാൻ തുടങ്ങിയ കിച്ചൺ അപ്ലയൻസസ് പ്രോഡക്ടുകൾക്ക് 50 മുതൽ 70% വരെ വിലക്കുറവ്.

# രാജ്യാന്തര യാത്രക്കാർക്ക് 30 കിലോ സൗജന്യ ബാഗേജ് അലവൻസുമായി എയർ ഇന്ത്യ എക്സ്പ്രസ്



**കൊച്ചി:** ഇന്ത്യയിൽ നിന്നും ഗൾഫ് സിംഗപ്പൂർ മേഖലകളിലേക്കുള്ള അന്താരാഷ്ട്ര യാത്രക്കാർക്ക് 30 കിലോ വരെ സൗജന്യ ബാഗേജ് അലവൻസ് പ്രഖ്യാപിച്ച് എയർ ഇന്ത്യ എക്സ്പ്രസ്. 7 കിലോ സൗജന്യ ഹാൻഡ് ബാഗിന് പുറമേയാണിത്. ഇന്ത്യയിലെ 19 നഗരങ്ങളിൽ നിന്നും ഗൾഫിലെ 13 ഇടങ്ങളിലേക്കായി ആഴ്ചതോറും 450 വിമാന സർവീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്.

ചെന്നൈ, മധുരൈ, തിരുച്ചിറപ്പള്ളി എന്നിവിടങ്ങളിൽ നിന്നും സിംഗപ്പൂരിലേക്ക് ആഴ്ച തോറും 26 വിമാന സർവീസുകളുമുണ്ട്.ചെക്ക് ഇൻ ബാഗേജ് ഇല്ലാതെ യാത്ര ചെയ്യുന്നവർക്ക് സാധാരണയിലും കുറഞ്ഞ നിരക്കിൽ മൂന്ന് കിലോ അധിക ക്യാബിൻ ബാഗേജോടു കൂടി എക്സ്പ്രസ് ലൈറ്റ് വിഭാഗത്തിൽ ടിക്കറ്റുകൾ ബുക്ക് ചെയ്യാം. കൂടുതൽ ലഗേജുള്ള എക്സ്പ്രസ് ലൈറ്റ് യാത്രക്കാർക്ക് ആഭ്യന്തര വിമാനങ്ങളിൽ 15 കിലോ വരെയും അന്താരാഷ്ട്ര വിമാനങ്ങളിൽ 20 കിലോ വരെയും കുറഞ്ഞ നിരക്കിൽ ചെക്ക് ഇൻ ബാഗേജ് ബുക്ക് ചെയ്യാം. ബിസിനസ് ക്ലാസിന് തത്തുല്യമായ എക്സ്പ്രസ് ബിസ് വിഭാഗത്തിൽ അന്താരാഷ്ട്ര യാത്രക്കാർക്ക് 40 കിലോ ബാഗേജ് അലവൻസ് ലഭിക്കും. 58 ഇഞ്ച് വരെ സീറ്റുകൾ തമ്മിൽ അകലമുള്ള റിക്ലൈനർ സീറ്റുകളാണ് ബിസ് ക്ലാസ്സിലുള്ളത്. ഗോർമേർ ഭക്ഷണവും എക്സ്പ്രസ് എഹെഡ് ചെക്ക് ഇൻ, ബോർഡിങ് എന്നിവയിൽ മുൻഗണനയും ലഭിക്കും.

ചെക്ക് ഇൻ ബാഗേജിന് പുറമെ രണ്ട് ബാഗുകളിലായി ഏഴു കിലോയിൽ അധികരിക്കാത്ത ഹാൻഡ് ബാഗേജും സൗജന്യമായി കൊണ്ടുപോകാം. മുൻപിലെ സീറ്റിന് അടിയിൽ ഇരിക്കുന്ന വിധം 40x30x10 സെന്റിമീറ്ററിൽ താഴെ വലുപ്പമുള്ള ലാപ്ടോപ് ബാഗ്, ഹാൻഡ് ബാഗ്, ബാക്ക് പാക്ക് തുടങ്ങിയവയും കൊണ്ടു പോകാം. കൈക്കുഞ്ഞുമായി യാത്ര ചെയ്യുന്നവർക്ക് 10 കിലോ അധിക ചെക്ക് ഇൻ ബാഗേജ് സൗജന്യമായി ലഭിക്കും. ഇതോടെ കുഞ്ഞിനും മുതിർന്ന ആൾക്കുമായി 7കിലോ ക്യാബിൻ ബാഗേജ് ഉൾപ്പെടെ 47 കിലോ വരെ സൗജന്യമായി കൊണ്ടുപോകാം. കൂടുതൽ ക്യാബിൻ ബാഗേജ് ആവശ്യമുള്ളവർക്കായി എക്സ്ട്രാ ക്യാരി ഓൺ സേവനങ്ങളും എയർ ഇന്ത്യ എക്സ്പ്രസ് അവതരിപ്പിച്ചിട്ടുണ്ട്. ഇതുവഴി മൂന്നു മുതൽ 5 കിലോ വരെ അധിക ക്യാബിൻ ബാഗേജ് കൊണ്ടുപോകാൻ സാധിക്കും. 56x36x23 സെന്റീമീറ്ററിൽ താഴെ വലുപ്പമുള്ള സംഗീത ഉപകരണങ്ങൾ സൗജന്യമായി കൊണ്ടുപോകാം. ഇതിലും വലുതും എന്നാൽ 75 കിലോയിൽ താഴെയുള്ള സംഗീതോപകരണങ്ങൾ കൊണ്ടുപോകാൻ അധികമായി ഒരു സീറ്റ് ബുക്ക് ചെയ്യാനും അവസരമുണ്ട്. പ്രത്യേകം ബുക്ക് ചെയ്തും ഇവ കൊണ്ടുപോകാം. കഴിഞ്ഞ വർഷത്തേക്കാൾ 30 ശതമാനം വർദ്ധനവോടെ പ്രതിദിനം 400 വിമാന സർവ്വീസുകളാണ് എയർ ഇന്ത്യ എക്സ്പ്രസിനുള്ളത്. തായ്‌ലൻഡിലെ ബാങ്കോക്ക്, ഫുക്കറ്റ് ഉൾപ്പെടെ 50ലധികം ഇടങ്ങളിലേക്കാണ് എയർ ഇന്ത്യ എക്സ്പ്രസിന്റെ വിമാന സർവീസുകളുള്ളത്.



# ഓൾന്യൂ ബിഎംഡബ്ല്യു ആർ 1300 ജിഎസ് അഡ്വഞ്ചർ ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി :** ഓൾന്യൂ ബിഎംഡബ്ല്യു ആർ 1300 ജിഎസ് അഡ്വഞ്ചർ ഇന്ത്യയിൽ അവതരിപ്പിച്ചു. ഈ അഡ്വഞ്ചർ മോട്ടോർസൈക്കിൾ പൂർണ്ണമായും ബിൽറ്റ്അപ്പ് യൂണിറ്റായി (സിബിയു ) ലഭ്യമാകും, ഏപ്രിൽ 2025 മുതൽ ഡെലിവറികൾ ആരംഭിക്കും. എല്ലാ ബിഎംഡബ്ല്യു മോട്ടോറാഡ് ബൈക്കുകളും 'മൂന്ന് വർഷം, പരിധിയില്ലാത്ത കിലോമീറ്റർ' എന്ന സ്റ്റാൻഡേർഡ് വാറന്റിയോടെയാണ് വരുന്നത്, വാറന്റി നാലാമത്തെയും അഞ്ചാമത്തെയും വർഷത്തേക്ക് നീട്ടാനുള്ള ഓപ്ഷനുമുണ്ട്. റോഡ്സൈഡ് അസിസ്റ്റൻസ്, തകരാർ സംഭവിക്കുമ്പോഴും ടോവിംഗ് സാഹചര്യങ്ങളിലും 24x7 365 ദിവസത്തെ പാക്കേജ്, ഉടനടിയുള്ള സേവനങ്ങൾ ഉറപ്പാക്കുന്നു. ഓൾന്യൂ ബിഎംഡബ്ല്യു ആർ 1300 ജിഎസ് അഡ്വഞ്ചർ പ്രാരംഭ എക്സ് ഷോറൂം വില ഐഎൻആർ 22,95,000 മുതൽ ആരംഭിക്കുന്നത്.



# ഭീമ ജുവൽസ് പുതിയ ഷോറൂം തെലുങ്കാനയിൽ

**കൊച്ചി:** 100-ാം വാർഷികം ആഘോഷിക്കുന്ന ഭീമ ജുവൽസ് തെലങ്കാനയിലെ ഖമ്മം നഗരത്തിൽ പുതിയ ഷോറൂം തുറന്നു. ഉദ്ഘാടനത്തിൻറെ ഭാഗമായി പർച്ചേസുകൾക്ക് ഗ്രാൻഡ് ഓപ്പണിംഗ് ഓഫറുകൾ ഉണ്ടാകുമെന്ന് ഭീമ ജുവൽസ് ചെയർമാൻ ബി. ബിന്ദു മാധവ് പറഞ്ഞു.മാനേജിംഗ് ഡയറക്ടർ അഭിഷേക് ബിന്ദുമാധവ്, ഖമ്മം മേയർ പി. നീരജ, നടി റിതു വർമ, ഭീമ ജുവൽസ് സിഒഒ ഗോപകുമാർ, വിജയ നിർമല എന്നിവർ പങ്കെടുത്തു.

# സംസ്ഥാന ധനകാര്യ കമ്മീഷൻ 24 ന് ജില്ലയിൽ

**കൊച്ചി:** സംസ്ഥാന ധനകാര്യ കമ്മീഷൻ ജനുവരി 24 ന് ജില്ലയിൽ സന്ദർശനം നടത്തും. ജില്ലാ ആസൂത്രണ സമിതിയുമായി കമ്മീഷൻ ചർച്ച നടത്തും. സിവിൽ സ്റ്റേഷനിലെ ജില്ലാ ആസൂത്രണ സമിതി ഹാളിലാണ് ചർച്ച. നിലവിലെ ധനവിന്യാസത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ, സ്വീകരിക്കാൻ കഴിയുന്ന പുതിയ രീതികൾ, പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ, സംയുക്ത പദ്ധതികൾ, തനത് വരുമാനം വ4ധിപ്പിക്കുന്ന മാർഗങ്ങൾ തുടങ്ങിയവ സംബന്ധിച്ച് അഭിപ്രായങ്ങൾ സ്വരൂപിക്കും.

ഏഴാം ധനകാര്യ കമ്മീഷൻ ചെയർമാൻ പ്രൊഫ. കെ.എൻ. ഹരിലാലിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ജില്ലയിലെത്തുന്നത്. കമ്മീഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് നേരത്തേ വിവരശേഖരണം നടത്തിയിരുന്നു.